2025JANUARY
30
THURSDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# റിസർവ് ബാങ്കിന്റെ ഇടപെടൽ നേട്ടമാക്കി വിപണി

**മുംബൈ:** കനത്ത തകർച്ചയുടെ രണ്ട് ദിനങ്ങൾക്കു ശേഷം മികച്ച കുതിപ്പ് നടത്തി വിപണി. ധനകാര്യ ഓഹരികളിലെ മുന്നേറ്റമാണ് സെൻസെക്സിന്റെയും നിഫ്റ്റിയുടെയും നേട്ടത്തിന് പിന്നിൽ. ബാങ്കിങ് സംവിധാനത്തിൽ പണലഭ്യത വർധിപ്പിക്കാൻ റിസർവ് ബാങ്കെടുത്ത നടപടികളാണ് വിപണിക്ക് തുണയായത്. ഫെബ്രുവരിയിൽ നിരക്ക് കുറച്ചേക്കുമെന്ന പ്രതീക്ഷ ഇതോടെ ശക്തമാകുകയും ചെയ്തു.



വ്യാപാരത്തിനിടെ സെൻസെക്സ് 1,100 പോയന്റിലേറെ കുതിപ്പ് രേഖപ്പെടുത്തി. ഒടുവിൽ 535 പോയന്റ് നേട്ടത്തിൽ 75,901ലായിരുന്നു ക്ലോസിങ്. നിഫ്റ്റിയാകട്ടെ 128 പോയന്റ് ഉയർന്ന് 22,957ലും വ്യാപാരം അവസാനിപ്പിച്ചു. അതേസമയം, മിഡ്ക്യാപ്, സ്മോൾ ക്യാപ് സൂചികകൾ നഷ്ടം നേരിട്ടു.

പൊതു വിപണിയിലെ ഇടപെടലിലൂടെ (ഒഎംഒ) 60,000 കോടി രൂപ മൂല്യമുള്ള സർക്കാർ സെക്യൂരിറ്റികൾ തിരികെ വാങ്ങാനാണ് ആർബിഐയുടെ നീക്കം. ഇതിന് പുറമെയാണ് വിആർആർ ലേലംവഴി 50,000 കോടി കൂടി വിപണിയിലെത്തിക്കുന്നത്.

ആർബിഐയുടെ നീക്കം വൈകാതെ നിരക്ക് കുറയ്ക്കുമെന്നതിന്റെ സൂചനയായാണ് വിപണി കരുതുന്നത്. തുടക്കത്തിൽ കാൽ ശതമാനമെങ്കിലും കുറച്ച് നിരക്ക് കുറയ്ക്കലിന്റെ പാതയിലേക്ക് റിസർവ് ബാങ്ക് പ്രവേശിക്കുമെന്നാണ് വിലയിരുത്തൽ. പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും ബാങ്കുകളായിരിക്കും തുടക്കത്തിലെ ഗുണഭോക്താക്കൾ. മറ്റ് മേഖലകളിലേയ്ക്കും പിന്നീട് അതിന്റെ നേട്ടം വ്യാപിക്കുകയും ചെയ്യും. അതുകൊണ്ടു തന്നെയാണ് ചൊവാഴ്ചയിലെ വ്യാപാരത്തിനിടെ ബാങ്ക് ഓഹരികൾ കുതിച്ചത്.

സമീപ കാലയളവിൽ വിപണിയിലുണ്ടായ തിരുത്തലിനെ തുടർന്ന് തരക്കേടില്ലാത്ത മൂല്യത്തിലേയ്ക്ക് ഓഹരികളെത്തിയതും നിക്ഷേപകരെ ആകർഷിച്ചു. മികച്ച അടിസ്ഥാനമുള്ള ഓഹരികൾ മികച്ച മൂല്യത്തിൽ ലഭ്യമായതും വിപണിയിലെ പ്രതീക്ഷ വർധിപ്പിച്ചു. ഉയർന്ന നിലവാരത്തിൽനിന്ന് നിഫ്റ്റി 22 ശതമാനം ഇതിനകം താഴന്നു കഴിഞ്ഞു. മിഡ്, സ്മോൾ ക്യാപ് സൂചികകളാകട്ടെ യഥാക്രമം 15 ശതമാനവും 20 ശതമാനവും തകർച്ച നേരിട്ടു. താഴ്ന്ന നിലവാരം ഓഹരികൾ വാങ്ങാനുള്ള മികച്ച അവസരമായി നിക്ഷേപകർ കരുതുന്നു.

# യുഎസ് ഇറക്കുമതി ഉൽപന്നങ്ങൾക്കുള്ള തീരുവ ഇന്ത്യ വെട്ടിക്കുറച്ചേക്കും

**വാഷിങ്ടൻ:** യുഎസിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഏതാനും ഉൽപന്നങ്ങൾക്കുള്ള തീരുവ ഇന്ത്യ വെട്ടിക്കുറച്ചേക്കുമെന്നു റിപ്പോർട്ട്. യുഎസ് ഉൽപന്നങ്ങൾക്ക് ഉയർന്ന തീരുവ ചുമത്തുന്ന രാജ്യങ്ങൾക്കു തിരിച്ചും വലിയ തീരുവ ചുമത്തുമെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ ഭീഷണിക്കു പിന്നാലെയാണ് ഇന്ത്യൻ നീക്കം.



ഉരുക്ക്, വിലകൂടിയ മോട്ടർ സൈക്കിളുകൾ, ഇലക്ട്രോണിക് ഉൽപന്നങ്ങൾ എന്നിവയ്ക്കുള്ള തീരുവയാണു കുറയ്ക്കാൻ ആലോചിക്കുന്നത്. നിലവിൽ യുഎസിൽനിന്ന് ഇറക്കുമതി ചെയ്യുന്ന ഇരുപതിലേറെ ഉൽപന്നങ്ങൾക്ക് ഇന്ത്യ 100 ശതമാനത്തിലധികം തീരുവ ചുമത്തുന്നുണ്ട്. അതേസമയം, തീരുവ വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം ആഭ്യന്തര വിപണിയിൽ കാര്യമായ പ്രതിഫലനം ഉണ്ടാക്കില്ലെന്നാണു സൂചന.

ഇന്ത്യ, ചൈന, ബ്രസീൽ എന്നീ രാജ്യങ്ങൾ യുഎസ് ഇറക്കുമതിക്കു വലിയ തീരുവ ചുമത്തുന്നുണ്ടെന്നും ഇത് അനുവദിക്കില്ലെന്നും ട്രംപ് പ്രഖ്യാപിച്ചിരുന്നു. യുഎസിനു ചുമത്തുന്ന അതേ തീരുവ തിരിച്ചും ചുമത്തുമെന്നും 'അമേരിക്ക ആദ്യമെന്ന' നയമാണു യുഎസ് പിന്തുടരാൻ പോകുന്നതെന്നുമായിരുന്നു ട്രംപിന്റെ ഭീഷണി. ഫെബ്രുവരിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസ് സന്ദർശനം നടത്താനിരിക്കേയാണ് ഇന്ത്യയുടെ നിർണായക നീക്കം.



# മഹാകുംഭമേളയിലെ തിക്കും തിരക്കും: മരിച്ചത് 30 പേർ, 70 ഓളം പേർക്ക് പരിക്ക്

**പ്രയാഗ്‌രാജ്:** മഹാകുംഭമേളക്കിടെ തിക്കിലും തിരക്കിലും പെട്ട് 30 പേർ മരിച്ചതായി സ്ഥിരീകരിച്ച് പൊലീസ്. 90 പേർക്കാണ് പരിക്കേറ്റത്. മരിച്ചവരിൽ 25 പേരെ തിരിച്ചറിഞ്ഞതായും ഡിഐജി വൈഭവ് കൃഷ്ണ സ്ഥിരീകരിച്ചു. 10 പേർ മരിച്ചെന്നായിരുന്നു ആദ്യം പുറത്തുവന്ന റിപ്പോർട്ട് എന്നാൽ പിന്നീട് മരണസംഖ്യ ഉയരുകയായിരുന്നു.

പുലർച്ചെ 1 മണിക്കും 2 മണിക്കുമിടയിൽ വലിയ ജനക്കൂട്ടമെത്തിച്ചേർന്നു. അമൃത് സ്നാനത്തിനിടെ ബാരിക്കേഡ് തകർന്ന് അപകടമുണ്ടാവുകയായിരുന്നു എന്ന് യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ് അറിയിച്ചിരുന്നു. സർക്കാർ അതിവേഗം ഇടപെടുകയും പരുക്കേറ്റവർക്ക് ചികിത്സ നൽകുകയും ചെയ്തെന്നും യോഗി വിശദീകരിച്ചിരുന്നു.

അത്യാവശ്യ സാഹചര്യങ്ങളിൽ ഹെൽപ് ലൈൻ നമ്പറായ 1920ൽ ബന്ധപ്പെടണമെന്ന് സർക്കാർ അറിയിച്ചു. കുംഭമേളയിലെ സാഹചര്യം പ്രധാനമന്ത്രി വിലയിരുത്തി, രക്ഷാപ്രവർത്തനവും, ചികിത്സയും കാര്യക്ഷമമായി നടക്കണമെന്ന് നിർദേശം നൽകി. അതേസമയം, തിരക്കിനെ തുടർന്ന് തുടർന്ന് സ്നാനം അൽപനേരത്തേക്ക് നിർത്തിവച്ചങ്കിലും ഇപ്പോൾ വീണ്ടും പുന:രാരംഭിച്ചു.






ബസ് ആന്റ് കാർ ഓപ്പറേറ്റേഴ്സ് കോൺഫെഡറേഷൻ ഓഫ് ഇന്ത്യ ദേശീയ സമിതി അംഗമായും ഇന്റർ സ്റ്റേറ്റ് വിഭാഗം വൈസ് പ്രസിഡന്റുമായി തിരഞ്ഞെടുക്കപ്പെട്ട എ.ജെ റിജാസ് ആലുവയെ കാക്കനാട് നടന്ന ബി.ഒ.സി.ഐ സംസ്ഥാന നേതൃസംഗമത്തിൽ ആദരിച്ചപ്പോൾ

# പൊതുഗതാഗത രംഗത്തെ സ്വകാര്യ സംരംഭകരെ തകർക്കരുത്: ബി.ഒ.സി.ഐ

**കൊച്ചി:** രാജ്യത്തെ ഭൂരിപക്ഷം വരുന്ന സാധാരണക്കാർക്ക് മികച്ച യാത്രാ സൗകര്യം ഒരുക്കുന്ന പൊതുഗതാഗത മേഖലയിലെ സ്വകാര്യ സംരംഭകരെ ശത്രുക്കളായി കാണുന്ന നിലപാടിൽ നിന്ന് അധികൃതർ പിൻമാറണമെന്ന് ബസ് ആന്റ് കാർ ഓപ്പറേറ്റേഴ്സ് കോൺഫഡറേഷൻ ഓഫ് ഇന്ത്യ (ബി.ഒ.സി.ഐ) സംസ്ഥാന നേതൃസംഗമം ആവശ്യപ്പെട്ടു.

സ്വയം തൊഴിൽ സംരംഭകരായ വാഹന ഉടമകളിൽ ചെറിയ ഒരു വിഭാഗം നടത്തുന്ന നിയമലംഘനങ്ങൾ പർവതീകരിച്ച് മേഖലയെ ആകെ ശത്രുക്കളായി കണ്ട് നിസാര കാരണങ്ങൾക്ക് പോലും വലിയ പിഴ ചുമത്തുന്നത് അംഗീകരിക്കാനാവില്ലെന്നും യോഗം വ്യക്തമാക്കി. പൊതുഗതാഗത രംഗത്ത് തൊഴിൽ സംരക്ഷണം നടപ്പിലാക്കേണ്ടത് സർക്കാരുകളുടെ ഉത്തരവാദിത്വമാണെന്നും മേഖലയിൽ പ്രവർത്തിക്കുന്ന വാഹനങ്ങളുടെ നികുതി പൂർണ്ണമായി ഒഴിവാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ബി.ഒ.സി.ഐ അഖിലേന്ത്യ വൈസ് പ്രസിഡന്റ് മനോജ് പടിക്കൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇന്റർ സിറ്റി വിഭാഗം ദേശീയ വൈസ് പ്രസിഡന്റ് എ.ജെ റിജാസ് അധ്യക്ഷത വഹിച്ചു. അനിൽകുമാർ, അഡ്വ.വി. എ അനുപ് തുടങ്ങിയവർ സംസാരിച്ചു.സംഘടനയുടെ ദേശീയ വൈസ് പ്രസിഡന്റുമാരായി തിരഞ്ഞെടുക്കപ്പെട്ട മനോജ് പടിക്കൽ, എ.ജെ റിജാസ് എന്നിവരെ യോഗത്തിൽ ആദരിച്ചു.

# സരസ് മേള: മനോഹരമായ കരകൗശല വസ്തുക്കളും ഗോത്ര വിഭവങ്ങളും ഒരുക്കി ഇതര സംസ്ഥാനങ്ങളും

**ആലപ്പുഴ:** മനോഹരമായ കരകൗശല വസ്തുക്കളും പരമ്പരാഗത ഗോത്ര വിഭവങ്ങളും കൊണ്ട് ശ്രദ്ധേയമാവുകയാണ് കുടുംബശ്രീ ദേശീയ സരസ് മേളയിലെ ഇതര സംസ്ഥന സ്റ്റോളുകളും. മേളയുടെ വേദിയായ ചെങ്ങന്നൂർ ജില്ലാ സ്റ്റേഡിയത്തിൽ ഒരുക്കിയിരിക്കുന്ന ത്രിപുര ധലായ് ജില്ലയിലെ ചക്മ ഗോത്ര ജനത നിർമ്മിച്ച വൈവിധ്യമാർന്ന ഉൽപ്പന്നങ്ങളുടെ സ്റ്റാൾ ഏറെപ്പേരെ ആകർഷിക്കുന്നു. ഇവരുടെ ഉല്പന്നങ്ങൾക്ക് ആവശ്യക്കാർ ഏറെയുള്ളതിനാൽ സ്റ്റാളിലെ പല ഇനങ്ങളും ഇതിനകം തന്നെ വിറ്റുതീർന്നു.

മേളയുടെ ആദ്യ ദിവസം,ഇവരുടെ സ്റ്റാളിൽ ചക്മ ഗോത്രക്കാർ കൈകൊണ്ട് നിർമ്മിച്ച എള്ള് ലഡ്ഡു, മുളകൊണ്ടു നിർമ്മിച്ച വിശറി, പൂച്ചട്ടികൾ, ചുമർ അലങ്കാരങ്ങൾ, ഷോകെയ്സിൽ വെക്കാവുന്ന അലങ്കാര വസ്തുക്കൾ, ഇവരുടെ പരമ്പരാഗത കാർഷിക ഉൽപന്നങ്ങളായ മഞ്ഞൾപ്പൊടി, അരി, തിനകൾ, നാടൻ ഭക്ഷ്യ ഉൽപ്പന്നങ്ങൾ,ചണ ബാഗുകൾ,എന്നിവ ഉണ്ടായിരുന്നു.

മണിക്പൂർ ഗ്രാമത്തിലെ ചക്മ വിഭാഗത്തിലെ എട്ട് അംഗങ്ങൾ ഉൾപ്പെടുന്ന നാഗരി എന്ന സ്വയം സഹായ സംഘം കൈ കൊണ്ട് നിർമ്മിച്ച 500ലധികം ഉൽപ്പന്നങ്ങളാണ് ഇവിടെ പ്രദർശിപ്പിച്ചിരിക്കുന്നത്.സംസ്ഥാനത്തിന്റെ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലാണ് ചക്മ സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുന്നത്. ത്രിപുരയിലെ പ്രധാന ഗോത്രങ്ങളിൽ ഒന്നാണ് ചക്മകൾ. ഇവരുടെ ശുദ്ധമായ ജൈവ ഉൽപ്പന്നങ്ങൾ, മുളകൊണ്ട് നിർമ്മിച്ച വിവിധ കരകൗശല വസ്തുക്കൾ എന്നിവയാണ് ഞങ്ങൾ ഇവിടെ പ്രധാനമായി വിൽക്കുന്നത്. എള്ള് ലഡ്ഡു മേളയിലേക്ക് ഞങ്ങൾ കൊണ്ടുവന്നെങ്കിലും, കുറഞ്ഞ സമയത്തിനുള്ളിൽ എല്ലാം വിറ്റുതീർന്നു. ഞങ്ങൾക്ക് മികച്ച പ്രതികരണമാണ് ലഭിക്കുന്നതഗ്രാമീണ ഉപജീവന ദൗത്യം സംസ്ഥാന കോർഡിനേറ്റർ അനന്യ പാൽ പറഞ്ഞു.

നാഗരി സ്വയം സഹായ സംഘത്തിലെ അംഗങ്ങളായ കൃഷ്ണ ചക്മയും ഷൈലബാല ചക്മയും സരസ് മേളയിൽ പങ്കെടുക്കുന്നുണ്ട്. ഛത്തീസ് ഗഡിലെ സ്ത്രീകളുടെ മൂന്ന് സ്വയം സഹായ സംഘങ്ങളുടെ തുണിത്തരങ്ങളുടെ സ്റ്റാളുകളും മേളയിൽ ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ട്.

കൈകൊണ്ട് നിർമിച്ച സാരികൾ, ജുബ്ബ, ഷർട്ട്, ചുരിദാർ തുടങ്ങിയവയുടെ വിപുലമായ ശേഖരവും ഇവർക്കുണ്ട്. ജനുവരി 20 ന് ചെങ്ങന്നൂരിൽ ആരംഭിച്ച ദേശീയ സരസ് മേള വെള്ളിയാഴ്ച സമാപിക്കും.

## വേമ്പനാട് കായൽ പുനരുജ്ജീവനം: ജില്ലാതല സ്ക്വാഡ് പരിശോധന നടത്തി

**ആലപ്പുഴ:** വേമ്പനാട് കായൽ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച ജില്ലാതല സ്ക്വാഡ് ബുധനാഴ്ച രാവിലെ പുന്നമട ഫിനിഷിങ് പോയിന്റിലെ ഹൗസ്ബോട്ടുകളിൽ പരിശോധന നടത്തി.

ബോട്ടുകളിലെ ശുചിത്വനിലവാരം, മാലിന്യങ്ങൾ തരംതിരിഞ്ഞ് ശേഖരിക്കുന്നതിനുള്ള സൗകര്യം മാലിന്യ സംസ്കരണ രീതി, നിരോധിച്ചതും ഒറ്റത്തവണ ഉപയോഗിക്കുന്നതുമായ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം, ദ്രവമാലിന്യങ്ങളുടെ സംസ്കരണം തുടങ്ങിയവയാണ് പ്രധാനമായും പരിശോധിച്ചത്. പരിശോധിച്ച എല്ലാ ഹൗസ് ബോട്ടുകളിലും ഉണ്ടായിരുന്ന ജീവനക്കാർ , ഉടമകൾ എന്നിവർക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ബോധവത്കരണം നടത്തി. ബോട്ടിൽ വരുന്ന വിനോദ സഞ്ചാരികളും, ബോട്ടിലെ ജീവനക്കാരും പാലിക്കേണ്ട നിർദ്ദേശങ്ങളടങ്ങിയ ബോർഡുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകി. പരിശോധനയുടെ ഒന്നാം ഘട്ടമെന്ന നിലയിൽ ബോധവത്കരണ കാമ്പയിൻ ആണ് സ്ക്വാഡ് നടത്തിയത്. 31 ഹൗസ് ബോട്ടുകളിൽ പരിശോധനയും കൂടാതെ കച്ചവട സ്ഥാപനങ്ങളിലും വീടുകളിലും ബോധവത്കരണവും നടത്തി. പരിശോധനാ സ്ക്വാഡിൽ തുറമുഖം, ആലപ്പുഴ നഗരസഭ , ടൂറിസം വകുപ്പ്, ആലപ്പുഴ ഡിടിപിസി, പൊലീസ് എന്നീ വകുപ്പുകളിലെ പ്രതിനിധികൾ പങ്കെടുത്തു.

# ടെക്സ്റ്റൈൽ മേഖലയിൽ കൂടുതൽ നിക്ഷേപമുണ്ടാകണം: മന്ത്രി പി രാജീവ്

**തിരുവനന്തപുരം:** കേരളത്തിലെ ടെക്സ്റ്റൈൽ, കൈത്തറി മേഖലയിൽ കൂടുതൽ നിക്ഷേപം ഉണ്ടാകണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങളൊരുക്കി സർക്കാർ ഒപ്പമുണ്ടെന്നും വ്യവസായ, കയർ, നിയമ വകുപ്പ് മന്ത്രി പി രാജീവ് പറഞ്ഞു. ടെക്സ്റ്റൈൽ കോൺക്ലേവ് തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ രാജ്യത്ത് ഒന്നാം റാങ്കാണ് കേരളത്തിന്. ഈ ബിസിനസ് അവസരം ടെക്സ്റ്റൈൽ വ്യവസായ സംരംഭങ്ങൾ ഉപയോഗപ്പെടുത്തണം. ടെക്സ്റ്റൈൽ ഹാൻഡ്‌ലൂം ഉൽപ്പന്നങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണം. മനുഷ്യന്റെ ഇന്നത്തെ അഭിരുചികൾ മനസിലാക്കി ഉൽപ്പന്നങ്ങൾ നിർമ്മിക്കപ്പെടണം. നൂതന ആശയങ്ങളിലൂടെ മേഖലയിൽ ആവശ്യമായ ഉണർവ് നൽകാനാകണമെന്നും മന്ത്രി പറഞ്ഞു.

കേരളം ഹൈടെക്ക് നിർമ്മാണങ്ങളുടെയും വിജ്ഞാനപ്രവർത്തനങ്ങളുടെയും ഹബ്ബായി മാറിക്കൊണ്ടിരിക്കുകയാണ്. വസ്ത്രങ്ങൾ മുതൽ ചിപ്പ് വരെ നമ്മുടെ സംസ്ഥാനത്ത് നിന്നും നിർമ്മിക്കുന്ന സ്ഥിതിയാണ് വരും വർഷങ്ങളിൽ ഉണ്ടാകുന്നത്. ലോകത്തിലെ പ്രമുഖ കമ്പനികൾ കേരളത്തിൽ നിക്ഷേപത്തിനും സംരംഭങ്ങൾ തുടങ്ങുന്നതിനുമായി താൽപ്പര്യം പ്രകടിപ്പിച്ച് വരുന്നുണ്ട്. ടെക്സ്റ്റൈൽ മേഖലയുടെ പുരോഗമനത്തിനായി പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട് സിറ്റി, വിഴിഞ്ഞം പോർട്ട് എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ടെക്സ്റ്റൈൽ, പരമ്പരാഗത കൈത്തറി മേഖലയിൽ വ്യാപാര സ്ഥാപനങ്ങൾ കൂടുതലായി നിക്ഷേപവും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സംസ്ഥാനത്തെ സംരംഭസൗഹൃദ സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

ഫെബ്രുവരി 21നും 22നും കൊച്ചിയിൽ നടക്കുന്ന ഇൻവെസ്റ്റ് കേരള ആഗോള സമ്മിറ്റിന് മുന്നോടിയായി സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖലയുടെ ഉന്നമനത്തിനും സംരംഭക പ്രോത്സാഹനത്തിനും ലക്ഷ്യമിട്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചിരിക്കുന്നത്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റും സംയുക്തമായിട്ടാണ് കോൺക്ലേവ് സംഘടിപ്പിച്ചത്.

കേരളത്തിലുള്ള ടെക്സ്റ്റൈൽ, ഹാൻഡ്‌ലൂം, പവർലും, വസ്ത്രങ്ങളുടെ കയറ്റുമതിയുള്ള വ്യാപാരികൾ ഉൾപ്പടെ നൂറോളം സംരംഭകർ കോൺക്ലേവിൽ പങ്കെടുത്ത് മന്ത്രിയുമായി ആശയവിനിമയം നടത്തി.

വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ്, കെ എസ് ഐ ഡി സി മാനേജിങ് ഡയറക്ടർ എസ്. ഹരികിഷോർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് ഒ എസ് ഡി വിഷ്ണുരാജ് പി, ഹാൻഡ്‌ലൂം ആൻഡ് ടെക്സ്റ്റൈൽസ് ഡയറക്ടർ അനിൽ കുമാർ കെ എസ്, കെ എസ് ഐ ഡി സി എക്സിക്യൂട്ടീവ് ഡയറക്ടർ ഹരി കൃഷ്ണൻ ആർ തുടങ്ങിയവർ പങ്കെടുത്തു.

# എഥനോൾ പ്ലാന്റിന് ഭൂഗർഭ ജലം എടുക്കില്ല: മന്ത്രി എം ബി രാജേഷ്

**തിരുവനന്തപുരം:** മന്ത്രിസഭ പ്രാരംഭ അനുമതി നൽകിയ പാലക്കാട് എലപ്പുള്ളിയിലെ എഥനോൾ പ്ലാന്റിനായി ഒരു തുള്ളി ഭൂഗർഭ ജലം പോലും എടുക്കില്ലെന്ന് എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ്. പ്ലാന്റിന് 0.05 ദശലക്ഷം ലിറ്റർ വെള്ളമാണ് തുടക്കത്തിൽ ആവശ്യമായി വരിക. പൂർണമായി പ്രവർത്തനം ആരംഭിക്കുന്നതോടെ 0.5 ദശലക്ഷം ലിറ്റർ വെള്ളം മതിയാകും.

പാലക്കാട് നഗരത്തിന് ആവശ്യമായി വരുന്ന ആകെ വെള്ളത്തിന്റെ 1.1 ശതമാനം മാത്രമാണിത്. ഇതുകൂടാതെ പ്ലാന്റിൽ അഞ്ച് ഏക്കർ ഭൂമിയിൽ ജലസംഭരണി നിർമിക്കുമെന്ന കാര്യം പ്രൊപ്പോസലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു.

ജല അതോറിറ്റി കമ്പനിക്ക് ആവശ്യമായ വെള്ളം നിലവിലുള്ള പദ്ധതിക്ക് പുറത്തു നിന്നല്ല നൽകാമെന്ന് സമ്മതിച്ചിരിക്കുന്നത്. മലമ്പുഴയിൽ നിന്നും കിൻഫ്രയിലേക്ക് പ്രതിദിനം 10 ദശലക്ഷം ലിറ്റർ വെള്ളമെത്തിക്കുന്ന പദ്ധതി പുരോഗമിക്കുന്നുണ്ട്. ഈ ലൈനിൽ നിന്നാണ് ആവശ്യമായ ജലം ലഭ്യമാക്കുക.

നിലവിൽ കേരളത്തിൽ കിൻഫ്രയുടേയും വ്യവസായ വകുപ്പിന്റേയും ഇൻഡസ്ട്രിയൽ പാർക്കുകളിലേക്ക് ജല അതോറിറ്റി വെള്ളം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് പാലക്കാട് കിൻഫ്രാ പാർക്കിലേക്ക് 10 എംഎൽഡി അനുവദിക്കാൻ 2015ൽ സർക്കാർ തീരുമാനിച്ചത്. ഇത് നിലവിലുള്ളതും ഭാവിയിൽ വരാനിരിക്കുന്നതുമായ വ്യവസായ ആവശ്യങ്ങൾക്കു വേണ്ടിയാണ്.

2022-23 ലേയും 2023-24 ലേയും മദ്യനയങ്ങളിൽ എക്സ്ട്രാന്യൂട്രൽ ആൽക്കഹോൾ സംസ്ഥാനത്ത് നിർമ്മിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. നവംബർ 30, 2023 ലാണ് എക്സൈസ് സർക്കിൾ ഇൻസ്പെക്ടർക്ക് ഒയാസിസിന്റെ അപേക്ഷ ലഭിക്കുന്നത്.

പത്തു ഘട്ട പരിശോധനയ്ക്ക് ശേഷമാണ് മന്ത്രിസഭ പ്രാരംഭ അനുമതി നൽകിയത്. നാടിന് ആവശ്യമായ പദ്ധതിയിൽ നിന്നും സർക്കാർ പിൻമാറില്ലെന്നും മന്ത്രി പറഞ്ഞു.

# അശ്വമേധം 6.0: കുഷ്ഠരോഗ നിർണയ ഭവന സന്ദർശനം

### സംസ്ഥാനതല ഉദ്ഘാടനം മന്ത്രി വീണാ ജോർജ് നിർവഹിക്കും

**തിരുവനന്തപുരം:** കുഷ്ഠരോഗ നിർമാർജന ലക്ഷ്യവുമായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ക്യാമ്പയിനിന്റെ ആറാം ഘട്ടം 'അശ്വമേധം 6.0' ദേശീയ കുഷ്ഠരോഗ വിരുദ്ധ ദിനമായ ജനുവരി 30ന് ആരംഭിക്കും. ജനുവരി 30 മുതൽ ഫെബ്രുവരി 12 വരെ രണ്ടാഴ്ചക്കാലമാണ് ഈ ക്യാമ്പയിന്റെ ഭാഗമായി ഭവന സന്ദർശനം നടത്തുന്നത്. ഇതോടൊപ്പം കുഷ്ഠരോഗ ബോധവത്കരണം ലക്ഷ്യമാക്കി സ്പർശ് ക്യാമ്പയിനും നടത്തുന്നതാണ്. സംസ്ഥാനതല ഉദ്ഘാടനം ജനുവരി 30ന് രാവിലെ 10.30 മണിക്ക് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. വി.കെ. പ്രശാന്ത് എംഎൽഎ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

സമൂഹത്തിൽ മറഞ്ഞുകിടക്കുന്ന കുഷ്ഠരോഗത്തെ ഗൃഹ സന്ദർശനത്തിലൂടെ കണ്ടുപിടിച്ച് രോഗനിർണയം നടത്തി ചികിത്സ ലഭ്യമാക്കുകയാണ് അശ്വമേധം ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. അശ്വമേധം ക്യാമ്പയിനിന്റെ ഭാഗമായി പരിശീലനം ലഭിച്ച ആശാ പ്രവർത്തകയും ഒരു സന്നദ്ധ പ്രവർത്തകനും അടങ്ങുന്ന സംഘം വീടുകളിലെത്തി കുഷ്ഠരോഗ ലക്ഷണങ്ങളുണ്ടോയെന്ന് പരിശോധിക്കുന്നു. സമൂഹത്തിൽ ഇപ്പോഴും കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കേരളത്തിൽ പതിനായിരത്തിൽ 0.11 എന്ന നിരക്കിൽ കുഷ്ഠരോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നു. കൂടാതെ കുട്ടികളിലും രോഗം കണ്ടുപിടിക്കപ്പെടുന്നുണ്ട്. 6 മുതൽ 12 മാസം വരെയുള്ള വിവിധ ഔഷധ ചികിത്സയിലൂടെ രോഗം പൂർണമായും ചികിത്സിച്ചു ഭേദമാക്കാവുന്നതാണ്. സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സ പൂർണമായും സൗജന്യമാണ്. ഈ ക്യാമ്പയിനിൽ എല്ലാവരും പങ്കാളികളാകണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

മൈക്കോബാക്റ്റീരിയം ലെപ്രെ എന്ന ബാക്ടീരിയ വഴി പകരുന്ന രോഗമാണ് കുഷ്ഠം. വായുവിലൂടെയാണ് ഈ രോഗം പകരുന്നത്. രോഗിയുമായി അടുത്ത ശാരീരിക സമ്പർക്കം വഴിയും രോഗം പകരാൻ സാധ്യതയുണ്ട്. രോഗാണുക്കൾ ശരീരത്തിൽ പ്രവേശിച്ചാൽ രോഗ ലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നതിന് മൂന്നു മുതൽ പത്ത് വർഷം വരെ സമയമെടുക്കും. ആരംഭത്തിലേ ചികിത്സിച്ചാൽ കുഷ്ഠരോഗം മൂലമുള്ള വൈകല്യങ്ങൾ തടയുന്നതിനും രോഗപ്പകർച്ച ഇല്ലാതാക്കുന്നതിനും സാധിക്കും.

തൊലിപ്പുറത്ത് കാണുന്ന സ്പർശനശേഷി കുറഞ്ഞ നിറം മങ്ങിയതോ ചുവന്നതോ ആയ പാടുകൾ, തടിപ്പുകൾ, ഇത്തരം ഇടങ്ങളിൽ ചൂട്, തണുപ്പ് എന്നിവ അറിയാതിരിക്കുകയോ ചെയ്യുക എന്നിവ കുഷ്ഠ രോഗത്തിന്റെ ലക്ഷണങ്ങളാണ്. നിറം മങ്ങിയതോ കട്ടികൂടിയതോ ആയ ചർമം, തിളങ്ങുന്ന ചർമം, വേദനയില്ലാത്ത വ്രണങ്ങൾ, കൈകാലുകളിലെ മരവിപ്പ്, കണ്ണ് അടയ്ക്കാനുള്ള പ്രയാസം തുടങ്ങിയവയും കുഷ്ഠ രോഗത്തിന്റെ ലക്ഷണങ്ങൾ ആകാം.

കേരളത്തിൽ 20232024 കാലയളവിൽ 407 ആളുകളിൽ പുതിയതായി കുഷ്ഠരോഗം കണ്ടെത്തി വിദഗ്ധ ചികിത്സ ഉറപ്പാക്കി. കുഷ്ഠ രോഗികളോട് യാതൊരുവിധ അവഗണയും കാണിക്കരുത്. 'രോഗികളെയല്ല, രോഗത്തെയാണ് നാം അകറ്റിനിർത്തേണ്ടത്. സമൂഹത്തിൽ ആർക്കെങ്കിലും ഇനിയും കണ്ടെത്താത്ത കുഷ്ഠ രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ആരംഭത്തിലേ കണ്ടെത്തി ചികിത്സ ലഭ്യമാക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

# കനത്ത ചൂട് ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം

- നേരിട്ടുള്ള വെയിൽ കൊള്ളരുത്; നിർജലീകരണം ഒഴിവാക്കാൻ ധാരാളം വെള്ളം കുടിക്കണം
- വേനൽക്കാല രോഗങ്ങൾക്കെതിരെ കരുതൽ വേണം

**തിരുവനന്തപുരം:** സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് ജാഗ്രതാ നിർദേശം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം ക്രമീകരിക്കണം. ശരീരത്തിലെ ജല നഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കുകയെന്നതാണ് പ്രധാന പ്രതിരോധ മാർഗം. ശാരീരിക അസ്വസ്ഥകളോ ബുദ്ധിമുട്ടുകളോ ഉണ്ടായാൽ ഉടൻ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യാതപമോ ഉണ്ടാകാനിടയുണ്ട്. വളരെ ഉയർന്ന ശരീര താപനില, വേഗത്തിലുള്ള ഹൃദയമിടിപ്പ്, വറ്റിവരണ്ട ചുവന്ന ചർമ്മം, ശക്തമായ തലവേദന, തലകറക്കം, ഓക്കാനം, ബോധക്ഷയം, കഠിനമായ ക്ഷീണം എന്നിവ തോന്നിയാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടികൂടിയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുക/ഫാനോ എ.സിയോ ഉപയോഗിക്കുക. ഡോക്ടറെ കാണിച്ച് ചികിത്സ തേടുക.

ചൂട് കുരു, പേശി വലിവ്, ചർമ്മ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻപോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂട് കാലത്ത് കൂടുതലായി കാണപ്പെടാറുണ്ട്. ചൂട് കുരു (ഒലമ ്യ മവെ) കുട്ടികളെയാണ് കൂടുതൽ ബാധിക്കുന്നത്. ചൂട് കുരു ഉണ്ടായാൽ അധികം വെയിൽ ഏൽക്കാതിരിക്കുകയും തിണർപ്പ് ബാധിച്ച ശരീരഭാഗങ്ങൾ എപ്പോഴും ഈർപ്പരഹിതമായി സൂക്ഷിക്കുകയും വേണം.

## 30 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24ന്

**തിരുവനന്തപുരം:** സംസ്ഥാനത്തെ 30 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24ന് നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ അറിയിച്ചു.

വയനാട് ഒഴികെയുള്ള 13 ജില്ലകളിലായി ഒരു കോർപ്പറേഷൻവാർഡ്, രണ്ട് ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസിപ്പാലിറ്റി വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേയ്ക്കാണ് ഉപതിരഞ്ഞെടുപ്പ്.

വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. നാമനിർദേശ പത്രിക ഫെബ്രുവരി ആറ് വരെ സമർപ്പിക്കാം. സൂക്ഷ്മപരിശോധന ഫെബ്രുവരി ഏഴിന് വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തും. സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതി ഫെബ്രുവരി 10 ആണ്. വോട്ടെടുപ്പ് ഫെബ്രുവരി 24ന് രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് വരെയാണ്. വോട്ടെണ്ണൽ ഫെബ്രുവരി 25ന് രാവിലെ 10 മണിക്ക് നടത്തും.

മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നു. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് വാർഡുകളിലും ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ പ്രദേശത്തും പെരുമാറ്റചട്ടം ബാധകമാണ്. ബ്ലോക്ക് പഞ്ചായത്തുകളിൽ ഉപതിരഞ്ഞെടുപ്പുള്ള വാർഡുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് പെരുമാറ്റച്ചട്ടമുള്ളത്.

വോട്ടെടുപ്പിനായി 80 പോളിംഗ് ബൂത്തുകൾ സജ്ജമാക്കും. ഉപതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക ജനുവരി 28ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പട്ടികയിൽ ആകെ 60617 വോട്ടർമാരാണുള്ളത്. 28530 പുരുഷന്മാരും 32087 സ്ത്രീകളും. കമ്മീഷന്റെ ०००.ലെര. സല്യമഹമ.ഴീ.ശി വെബ്സൈറ്റിലും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലും വോട്ടർപട്ടിക ലഭ്യമാണ്.

നാമനിർദേശപത്രികയ്ക്കൊപ്പം കെട്ടിവയ്ക്കേണ്ട തുക കോർപ്പറേഷനിൽ 5000 രൂപയും, മുനിസിപ്പാലിറ്റിയിലും ബ്ലോക്ക് പഞ്ചായത്തിലും 4000 രൂപയും ഗ്രാമപഞ്ചായത്തിൽ 2000 രൂപയുമാണ്. പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾക്ക് പകുതി തുക മതിയാകും. തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതാത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് സമർപ്പിക്കണം.

## തൊഴിലധിഷ്ഠിത പരിശീലനം: അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനിഷിങ് സ്കൂളായ റീച്ചിൽ കുറഞ്ഞ നിരക്കിൽ എൻ.എസ്.ഡി.സി അംഗീകൃത കോഴ്സുകളായ പൈത്തൺ പ്രോഗ്രാമിങ്, ഡാറ്റാ സയൻസ് എന്നിവയിലേക്ക് ഓൺലൈൻ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു.

ഒരു ബാച്ചിൽ 25 പേർക്കാണ് പ്രവേശനം. പ്ലസ്ടു, ഡിഗ്രി കഴിഞ്ഞവർക്ക് പൈത്തൺ പ്രോഗ്രാമിങ്ങിലേക്കും ഡിഗ്രി കഴിഞ്ഞവർക്ക് ഡാറ്റാ സയൻസിലേക്കും അപേക്ഷിക്കാം.

അപേക്ഷിക്കേണ്ട അവസാന തീയതി ഫെബ്രുവരി 15, വിശദവിവരങ്ങൾക്ക് ഫോൺ: 9496015002, 9496015051. വെബ്സൈറ്റ്: www.reach.org.in.

## റേഡിയോഗ്രാഫർ അഭിമുഖം

**തിരുവനന്തപുരം:** എറണാകുളം ജനറൽ ആശുപത്രിയിൽ ആശുപത്രി വികസന സൊസൈറ്റി മുഖേന റേഡിയോഗ്രാഫർ വിത്ത് എം.ആർ.ഐ ആൻഡ് സി.ടി എക്സ്പീരിയൻസ് തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിന് ഫെബ്രുവരി 7 ന് അഭിമുഖം നടത്തും.

പ്ലസ് ടു, ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യുക്കേഷൻ നടത്തുന്ന റേഡിയോളജിക്കൽ ടെക്നോളജിയിൽ (ഡിആർടി) ദ്വിവത്സര ഡിപ്ലോമ അല്ലെങ്കിൽ കേരള സർക്കാർ അംഗീകരിച്ച തത്തുല്യമായ ഡിപ്ലോമ അല്ലെങ്കിൽ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എജ്യുക്കേഷൻ അംഗീകരിച്ച റേഡിയോ ഡയഗ്നോസിസ് & റേഡിയോ തെറാപ്പി ടെക്നോളജിയിൽ (ഡിആർആർടി) ത്രിവത്സര ഡിപ്ലോമ അല്ലെങ്കിൽ കേരള സർക്കാർ അംഗീകരിച്ച തത്തുല്യമായ ഡിപ്ലോമ അല്ലെങ്കിൽ ബിഎസ്സി എംആർടി ബിരുദം അല്ലെങ്കിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ളതും കേരള സ്റ്റേറ്റ് പാരാമെഡിക്കൽ കൗൺസിലിന്റെയും ആറ്റോമിക് റെഗുലേറ്ററി ബോർഡിന്റെയും അംഗീകാരമുള്ളതുമായ തത്തുല്യ യോഗ്യത, കേരള പാരാമെഡിക്കൽ കൗൺസിലിൽ രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത.

താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ പകർപ്പ്, ബയോഡാറ്റ എന്നിവ സഹിതം രാവിലെ 11 മണിക്ക് സൂപ്രണ്ടിന്റെ ഓഫീസിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04842386000.

## സംഘടനാപ്രതിനിധികളുമായി മന്ത്രി കൂടിക്കാഴ്ച നടത്തും

**തിരുവനന്തപുരം:** പട്ടികജാതി മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത രജിസ്റ്റേഡ് സംഘടനകളുടെ പ്രതിനിധികളുമായി പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വകുപ്പു മന്ത്രി കൂടിക്കാഴ്ച നടത്തും. 2025 ഫെബ്രുവരി 6ന് തൈക്കാട് ഗസ്റ്റ് ഹൗസ് ബാങ്ക്വറ്റ് ഹാളിൽ രാവിലെ 10.30ന് നടക്കുന്ന യോഗത്തിൽ സംസ്ഥാനതലത്തിൽ നിയമപരമായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സമുദായ സംഘടനകളുടെ ഓരോ പ്രതിനിധിക്ക് പങ്കെടുക്കാം.

സംഘടനയുടെ ഔദ്യോഗിക ലെറ്റർപാഡിൽ പങ്കെടുക്കുന്ന പ്രതിനിധിയുടെ പേരു വിവരം, ഫോൺ നമ്പർ എന്നിവ ഫെബ്രുവരി 3നകം ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, നന്ദാവനം, വികാസ് ഭവൻ പിഒ, തിരുവനന്തപുരം33 എന്ന വിലാസത്തിൽ സമർപ്പിക്കേണ്ടതാണ്. ഇ മെയിൽ dirscdd@gmail.com.

## അപേക്ഷകൾ ക്ഷണിക്കുന്നു

**തിരുവനന്തപുരം:** ആറ്റിങ്ങൽ മാമത്ത് പ്രവർത്തിക്കുന്ന നാളികേര വികസന കോർപ്പറേഷന്റെ വെളിച്ചെണ്ണ പ്ലാന്റിലേക്ക് വിവിധ തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നു.

പ്ലാന്റ് ഓപ്പറേറ്റർ , ബോയ്ലർ ഓപ്പറേറ്റർ ( ഏതെങ്കിലും ട്രേഡിൽ ഐ.ടി.ഐ, സർട്ടിഫിക്കേഷൻ ഇൻ ബോയ്ലർ ഓപ്പറേഷൻസ്), ഇലക്ട്രീഷ്യൻ (ഐ.ടി.ഐ ഇൻ ഇലക്ട്രീഷ്യൻ), സ്കിൽഡ് വർക്കേഴ്സ് (ഐ.ടി.ഐ ഫിറ്റർ വിത്ത് ഫയർ ആന്റ് സേഫ്റ്റി സർട്ടിഫിക്കേഷൻ), വർക്കേഴ്സ് ( എസ്.എസ്.എൽ.സി). പ്രായപരിധി 35 വയസ്സ്. ഫെബ്രുവരി 6ന് രാവിലെ 10ന് മാമത്ത് വെച്ച് അഭിമുഖം നടക്കും. തിരുവനന്തപുരം ജില്ലയിലും ആറ്റിങ്ങൽ നഗരസഭയിലും ഉള്ളവർക്ക് മുൻഗണന.

# വനം വന്യജീവി സംഘർഷ ലഘൂകരണത്തിന് എഫ്.എഫ്.ഡബ്ല്യു മിഷൻ: മന്ത്രി എ. കെ. ശശീന്ദ്രൻ

**തിരുവനന്തപുരം:** മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് പ്രവേശിക്കുന്നത് തടയുന്നതിന് വനം വകുപ്പ് നടപ്പിലാക്കുന്ന മിഷൻ എഫ്.എഫ്.ഡബ്ല്യു സമയ ബന്ധിതമായി പൂർത്തിയാക്കുമെന്ന് വനം വകുപ്പ് മന്ത്രി എ. കെ. ശശീന്ദ്രൻ അറിയിച്ചു. വയനാട് വന്യജീവി ആക്രമണ ഉന്നതതല അവലോകന യോഗത്തിനുശേഷം തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

വനത്തിനുള്ളിലെ കുളങ്ങൾ, ബ്രഷ് വുഡ് ചെക്ക് ഡാമുകൾ എന്നിവയിലെ ചെളി നീക്കം ചെയ്തും ആവശ്യമായ സ്ഥലങ്ങളിൽ പുതിയവ നിർമ്മിച്ചും പരിപാലിച്ചും വന്യമൃഗങ്ങൾക്ക് വനത്തിനുള്ളിൽ ജലലഭ്യത നിലവിൽ ഉറപ്പുവരുത്തുന്നുണ്ട്. മണ്ണിലെ ഈർപ്പം ഇല്ലാതാക്കുന്ന അക്കേഷ്യ, യൂക്കാലിപ്റ്റസ് മുതലായ വിദേശയിനം വൃക്ഷത്തോട്ടങ്ങൾ ഘട്ടം ഘട്ടമായി മുറിച്ചു നീക്കി ഫലവൃക്ഷങ്ങൾ ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷയിനങ്ങൾ നട്ടുപിടിപ്പിക്കുകയെന്നതും ഫീൽഡ് തലത്തിൽ നടപ്പിലാക്കിവരുന്നു.

മനുഷ്യവന്യമൃഗ സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന ജനുവരി മെയ് മാസങ്ങളിൽ വനത്തിനുള്ളിൽ ജലലഭ്യതയും ഭക്ഷ്യലഭ്യതയും ഉറപ്പുവരുത്തുന്നതിന് ഒരു പ്രത്യേക യജ്ഞം എന്ന നിലയിലാണ് Mission Food, Fodder and Water അഥവാ Mission FFW എന്ന പേരിൽ മിഷൻ നടപ്പിലാക്കുന്നത്. ഈ യജ്ഞത്തിന് മൂന്ന് ഘട്ടങ്ങൾ ഉണ്ടായിരിക്കും. ഒന്നാം ഘട്ടത്തിൽ വനമേഖലകളിലെ വയലുകൾ, ചെക്ക് ഡാമുകൾ, കുളങ്ങൾ, പുൽമേടുകൾ തുറസ്സായ സ്ഥലങ്ങൾ എന്നിവയുടെ വിവരശേഖരണവും പുതുതായി ആവശ്യമുള്ള മേഖലകൾ കണ്ടെത്തലുമാണ് ഉള്ളത്. സംസ്ഥാനത്തെ വന മേഖലകളിൽ സെക്ഷൻ/ സ്റ്റേഷൻ തലത്തിൽ വിവരങ്ങൾ അടിയന്തരമായി ശേഖരിച്ച് മാപ്പ് ചെയ്യേണ്ടതുമായതിനാൽ റെയ്ഞ്ച് തലത്തിലും ഡിവിഷൻ തലത്തിലും ക്രോഡീകരിക്കും. 2025 ഫെബ്രുവരി 10ന് മുൻപ് നടപടികൾ പൂർത്തിയാക്കും.

രണ്ടാം ഘട്ടം 2025 ഫെബ്രുവരി 11 മുതൽ ഏപ്രിൽ 30 വരെയാണ് നടക്കുന്നത്. നിർമ്മാണത്തിനും പരിപാലനത്തിനും വേണ്ട ഫണ്ടുകളും മാനവശേഷിയും പരിശോധിച്ച് പ്രവർത്തി നിർവ്വഹണം നടത്തുക, വേനലിൽ വറ്റിപ്പോകുന്ന അരുവികളിൽ അടിയന്തിരമായി ബ്രഷ് വുഡ് ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നിവയാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2025 മെയ് 1 മുതൽ മൂന്നാം ഘട്ടത്തിന് തുടക്കമാകും. ഫയർ സീസണു ശേഷം ചെയ്യേണ്ട പ്രവർത്തികളുടെ പ്ലാൻ തയ്യാറാക്കുക, വന മേഖലയിലെ അധിനിവേശ സസ്യങ്ങൾ പൂവിടുന്നതിനു മുമ്പായി വേരോടെ പിഴുത് കളഞ്ഞ് വനത്തിനകത്ത് തുറസ്സായ സ്ഥലങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് മൂന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങളെന്നും മന്ത്രി പറഞ്ഞു.

വനം വന്യജീവി സംഘർഷ ലഘൂകരണത്തിന് സാധ്യമായ എല്ലാ കാര്യങ്ങളും സംസ്ഥാന സർക്കാർ ചെയ്യുന്നുണ്ട്. വയനാട്ടിൽ നിലവിലെ സ്ഥിതി അവലോകനം ചെയ്യുന്നതിനായുള്ള യോഗം ചേർന്നു. നിലവിൽ വന്യജീവി സംഘർഷ സാധ്യതയുള്ളതായ 63 ഹോട്ട്സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവിടെ ഡ്രോൺ അടക്കം ഉപയോഗിച്ചുള്ള പരിശോധന തുടരുന്നു. ഇതോടൊപ്പം കേരളവുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനങ്ങളിലെ വനമന്ത്രിമാരുമായി ചർച്ച നടത്തുന്നതിനായി ഇന്റർസ്റ്റേറ്റ് മിനിസ്റ്റർ കൗൺസിൽ ചേരുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ക്യാമറ മോണിറ്ററിംഗ് സിസ്റ്റം പ്രദേശങ്ങളിൽ വർധിപ്പിച്ചു. വനത്തിനകത്ത് നടക്കുന്ന സംഭവങ്ങൾ അതാത് സമയം അറിയാൻ കഴിയുന്ന റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം ഏർപ്പെടുത്തും. പ്രൈമറി റെസ്പോൺസ് ടീം ഉടൻ നടപ്പിലാക്കാനുള്ള നടപടികളും സ്വീകരിച്ചു. ഈ മേഖലയിൽ ക്യാമറ സ്ഥാപിക്കുന്നതിന് ദുരന്തനിവാരണ അതോറിറ്റി 50 ലക്ഷം രൂപ അനുവദിച്ചതായും മന്ത്രി പറഞ്ഞു. യോഗത്തിനുശേഷം എഫ്.എഫ്.ഡബ്ല്യു മിഷന്റെ ലോഞ്ചിംഗ് അഡീഷണൽ ചീഫ് സെക്രട്ടറി കെ. ആർ ജ്യോതി ലാലിന് എഫ്.എഫ്.ഡബ്ല്യു ലഘു പുസ്തകം നൽകി മന്ത്രി നിർവഹിച്ചു.

# ഉന്നത വിദ്യാഭ്യാസ മേഖലയിൽ രണ്ട് മികവിന്റെ കേന്ദ്രങ്ങൾ: ഉദ്ഘാടനം ഇന്ന്

**തിരുവനന്തപുരം:** ഗവേഷണങ്ങളിൽ അന്താരാഷ്ട്രനിലവാരത്തോടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കാൻ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ വഴി രണ്ട് മികവിന്റെ കേന്ദ്രങ്ങൾക്ക് ജനുവരി 30 ന് തുടക്കമാകുമെന്ന് മന്ത്രി ആർ ബിന്ദു വാർത്താസമ്മേളനത്തിൽ അറിയിച്ചു. കേരള നെറ്റ്‌വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷനും സെന്റർ ഓഫ് എക്സലൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗും ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആസ്ഥാനമായ ശാസ്ത്ര സാങ്കേതിക മ്യൂസിയം സമുച്ചയത്തിൽ 3 മണിക്ക് ഉദ്ഘാടനം ചെയ്യും.

രണ്ടു കേന്ദ്രങ്ങളുടെയും സെമിനാർ ഹാൾ അടക്കം അഡ്മിനിസ്ട്രേറ്റീവ് ഓഫീസ് ഇതോടെ നിലവിൽ വരും. ഈ മികവിന്റെ കേന്ദ്രങ്ങൾക്ക് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മേഖലാ കേന്ദ്രങ്ങൾ കൂടി സ്ഥാപിക്കും. സംസ്ഥാനത്തെ കോളേജുകൾക്കും സർവ്വകലാശാല കേന്ദ്രങ്ങൾക്കും കൂടുതൽ ഗവേഷണ സൗകര്യങ്ങൾ ലഭ്യമാക്കാൻ കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ മൂന്ന് റീജിയണൽ സെൻട്രലൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലാബുകൾ സ്ഥാപിക്കും. ഒരു മേഖലാ കേന്ദ്രം ഫെബ്രുവരി ആറിന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിൽ ഉദ്ഘാടനം ചെയ്യും.

കേരള സർവ്വകലാശാലാ പരിധിയിലെയും ഒപ്പംതന്നെ സംസ്ഥാനത്തെ ഗവേഷകർക്കാകെയും ഗവേഷണ പ്രവർത്തനങ്ങൾക്കു വേണ്ട സൗകര്യങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്ന നിലയിലാകും മേഖലാ സെൻട്രലൈസ്ഡ് ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലാബുകളുടെ പ്രവർത്തനം. ഇതിനായി നിലവിൽ സർക്കാർ വനിതാ കോളേജിൽ സെൻട്രലൈസ്ഡ് കോമൺ ഫെസിലിറ്റിയുടെ ഭാഗമായ ആധുനിക ഗവേഷണ സൗകര്യങ്ങൾ റിസർച്ച് നെറ്റ്‌വർക്ക് സപ്പോർട്ട് സെന്ററുമായി ലിങ്ക് ചെയ്ത് സംസ്ഥാനത്തെ മുഴുവൻ ഗവേഷകർക്കും ഉപയോഗപ്രദമാക്കുന്ന രീതിയിൽ സജ്ജീകരിക്കും. സൗകര്യങ്ങൾ പരിപാലിക്കുന്നതിനുള്ള സഹായങ്ങൾ കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ വഴി നൽകും. ഈ മേഖലാകേന്ദ്രത്തിന്റെ ധാരണാപത്രം ഉദ്ഘാടനച്ചടങ്ങിൽ ഒപ്പുവെയ്ക്കും. സംസ്ഥാനത്തെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന അധ്യാപകർക്കും ഗവേഷക വിദ്യാർത്ഥികൾക്കും നെറ്റ്‌വർക്കിംഗ്/ക്ലസ്റ്റർ മോഡ് വഴി ഒപ്റ്റിമൽ സ്റ്റേറ്റ് ലെവൽ ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ നൽകുന്നതിനാണ് കേരള നെറ്റ് വർക്ക് ഫോർ റിസർച്ച് സപ്പോർട്ട് ഇൻ ഹയർ എഡ്യൂക്കേഷൻ മികവിന്റെ കേന്ദ്രം മുൻഗണന നൽകുക. ഈ നെറ്റ് വർക്കിൽ ചേരുന്ന സ്ഥാപനങ്ങളിലെ ഫാക്കൽറ്റി, ഗവേഷകർ, ശാസ്ത്രജ്ഞർ, വിദ്യാർത്ഥികൾ എന്നിവരുടെ ഗവേഷണാവശ്യങ്ങൾ നിറവേറ്റുന്നതിനായുള്ള എല്ലാ കാര്യങ്ങളും പ്രൊഫഷണലായി കൈകാര്യം ചെയ്യും.

ഗവേഷണ സഹകരണം പ്രോത്സാഹിപ്പിക്കുക, ഗവേഷണ പശ്ചാത്തലസൗകര്യം വികസിപ്പിക്കുക, പേറ്റന്റ് നേടിയെടുക്കാൻ സഹായം നൽകുക, ഗവേഷണവ്യവസായ സംയോജനം സുഗമമാക്കുക, ഗവേഷകർക്ക് ഗവേഷണ ധനസഹായം നേടിയെടുക്കാൻ സഹായിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. സംസ്ഥാനത്തെ വിവിധ ഗവേഷണ സൗകര്യങ്ങളുടെ കേന്ദ്ര ശൃംഖല ഇതുവഴി സ്ഥാപിക്കും. മറ്റു അക്കാദമിക് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, ദേശീയ ലബോറട്ടറികൾ, സ്റ്റാർട്ടപ്പുകൾ, നിർമ്മാണ, എഞ്ചിനീയറിംഗ് വ്യവസായങ്ങൾ, എസ്എംഇകൾ, ആർ & ഡി ലാബുകൾ/ ഓർഗനൈസേഷൻ എന്നിവയുൾപ്പെടെ സ്ഥാപനങ്ങൾക്കു ഗവേഷണവികസന പ്രവർത്തനങ്ങൾ നടത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ഈ കേന്ദ്രം നൽകും.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതി രൂപകല്പന, സിലബസ് തയ്യാറാക്കൽ, മൂല്യനിർണ്ണയ തന്ത്രങ്ങൾ, സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബോധന രീതികൾ തുടങ്ങിയവയിൽ അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകലിനും ഈ മേഖലയിൽ ഗവേഷണം നടത്തി ഏറ്റവും ആധുനികമായ അറിവുകൾ ഉൽപാദിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാവും സെന്റർ ഓഫ് എക്സലൻസ് ഇൻ ടീച്ചിംഗ് ലേണിംഗ് ആൻഡ് ട്രെയിനിംഗ്. എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റർമാർക്കും വിദ്യാർത്ഥികൾക്കും നേതൃ പരിശീലനം നൽകുന്നതിനും കേന്ദ്രം ഉപയോഗിക്കും.

ഉന്നതവിദ്യാഭ്യാസ രംഗത്ത് ആവിഷ്ക്കരിക്കുന്ന വിവിധ പദ്ധതികളെപ്പറ്റി ആവശ്യമായ ഗവേഷണം നടത്തുകവഴി ഈ മേഖലയിലെ നയനിർമ്മാതാക്കൾക്കും കേന്ദ്രം സഹായകമാവുമെന്ന് മന്ത്രി അറിയിച്ചു.

# ഹീര കോളജിൽ ടെക്ഫെസ്റ്റ്

**നെടുമങ്ങാട് :** ഹീര കോളജ് ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ 31, ഒന്ന് തീയതികളിൽ ടെക്ഫെസ്റ്റ് സംഘടിപ്പിക്കുന്നതായി വൈസ് പ്രിൻസിപ്പൽ എസ്. സുജിത് അറിയിച്ചു. ഹീര കോളജിലെയും മറ്റ് കോളജുകളിലെയും വിദ്യാർഥികൾ അവരുടെ പ്രൊജക്റ്റുകൾ ഫെസ്റ്റിൽ പ്രദർശിപ്പിക്കും.

വിഎസ്എസ്‌സിയുടെയും മറ്റ് പൊതുമേഖല സ്ഥാപനങ്ങളുടെയും എക്സ്ബിഷനും നടക്കും. ഫെസ്റ്റ് 31 ന് രാവിലെ 9.30ന് മന്ത്രി ജി. ആർ. അനിൽ ഉദ്ഘാടനം ചെയ്യും. ഡി.കെ.മുരളി എംഎൽഎ അധ്യക്ഷത വഹിക്കും. ഫെബ്രുവരി 20ന് വിവിധ കമ്പനികളെ ഉൾപ്പെടുത്തി കോളജിൽ പ്ലേസ്മെൻറ് ഡ്രൈവും സംഘടിപ്പിക്കുന്നു. ഡ്രൈവിൽ മറ്റ് കോളജുകളിലെ വിദ്യാർഥികൾക്കും പങ്കെടുക്കാൻ അവസരമുണ്ട്.

സംസ്ഥാന വ്യവസായ വകുപ്പിൻറെ സഹകരണത്തോടെ കാമ്പസിൽ വ്യവസായ പാർക്ക് സ്ഥാപിച്ചു തൊഴിൽ അവസരങ്ങൾ ഉണ്ടാക്കാനുള്ള നടപടികൾ ആരംഭിച്ചുവെന്നും അദ്ദേഹം പറഞ്ഞു. കോളജിൻറെ കൾചറൽ ഫെസ്റ്റ് ആയ ദേജാവോ25 മാർച്ച് എട്ടിനു വിവിധ പരിപാടികളോടെ സംഘടിപ്പിക്കും.

## ജിടെക് മാരത്തൺ ഫെബ്രുവരി ഒൻപതിന്

**തിരുവനന്തപുരം:** കേരളത്തെ ലഹരിമുക്തമാക്കുക, വർധിച്ചു വരുന്ന ലഹരി ഉപയോഗത്തിനെതിരായി ജനങ്ങളെ ബോധവത്കരിക്കുക എന്നിവ ലക്ഷ്യമാക്കി നോ ടു ഡ്രഗ്സ്, യെസ് ടു ഫിറ്റ്നെസ് എന്ന പ്രമേയത്തിൽ സംഘടിപ്പിക്കുന്ന ജിടെക് കേരള മാരത്തണിൻറെ മൂന്നാം പതിപ്പ് ഫെബ്രുവരി ഒൻപതിനു തിരുവനന്തപുരത്ത് നടക്കും.

മാരത്തണിൽ പങ്കെടുക്കാൻ ഇതിനകം രജിസ്റ്റർ ചെയ്ത 7000 പേരിൽ 1500 പേർ വനിതകളാണ്.

ലഹരി ദുരുപയോഗത്തിനെതിരെയുള്ള കേരളത്തിലെ ഏറ്റവും വലിയ മാരത്തൺ ആണിത്.സംസ്ഥാനത്തെ 250 ലധികം വരുന്ന ഐടി കമ്പനികളുടെ കൂട്ടായ്മയായ ഗ്രൂപ്പ് ഓഫ് ടെക്നോളജി കമ്പനീസ് (ജിടെക്) ആണ് മാരത്തൺ സംഘടിപ്പിക്കുന്നത്.

ഏകദേശം 1,25,000 ഐടി പ്രഫഷണലുകൾ ഇതിൻറെ ഭാഗമാണ്. സംസ്ഥാനത്തെ 80 ശതമാനം ഐടി പ്രഫഷണലുകളുടെ സാന്നിധ്യമുള്ള സംഘടനയാണ് ജിടെക്. ടെക്നോപാർക്കിൽ രാവിലെ 5.30ന് ആരംഭിക്കുന്ന മാരത്തണിൽ ഹാഫ് മാരത്തൺ (21.1 കിലോമീറ്റർ), 10 കിലോമീറ്റർ, ഫൺ റൺ (3 കിലോമീറ്റർ, 5 കിലോമീറ്റർ) എന്നിങ്ങനെ മൂന്നു വിഭാഗങ്ങളാണുള്ളത്.

രജിസ്റ്റർ ചെയ്തവർക്കു മാത്രമാണ് മാരത്തണിൽ പങ്കെടുക്കാൻ സാധിക്കുക. പങ്കെടുക്കാനാഗ്രഹിക്കുന്നവർക്കു രണ്ടു ദിവസം കൂടി രജിസ്റ്റർ ചെയ്യാനാകും. രജിസ്ട്രേഷനായി എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

മാരത്തണിൽ പങ്കെടുക്കുന്നവർക്ക് നമ്പർ പതിച്ച ടിഷർട്ട്, ബാഗ് എന്നിവ നല്കും. ഓട്ടം പൂർത്തിയാക്കുന്നവർക്ക് മെഡലും ലഭിക്കും. കൃത്യമായ ഇടവേളകളിൽ വെള്ളം ലഭ്യമാക്കാനുള്ള ക്രമീകരണങ്ങളും ഒരുക്കുന്നുണ്ട്. പങ്കെടുക്കുന്നവർക്ക് ഓട്ടത്തിനുശേഷം പ്രഭാതഭക്ഷണം നൽകും. ആംബുലൻസ് സൗകര്യവും ലഭ്യമാണ്. മാരത്തൺ ആരംഭിക്കുന്നതിന് മുൻപ് സുംബയും മറ്റ് എയ്റോബിക് വ്യായാമങ്ങളും ചെയ്യാനുള്ള അവസരവുമുണ്ട്.

കേരളത്തിൽ ഇതുവരെ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ മാരത്തണായി ജിടെക് മാരത്തൺ മാറിയെന്ന് ജിടെക് ചെയർമാൻ വി.കെ. മാത്യൂസ് പറഞ്ഞു.

# ചൈതന്യ കാർഷികമേള ഫെബ്രുവരി രണ്ടു മുതൽ ഒമ്പതുവരെ




**കോട്ടയം:** കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചൈതന്യ കാർഷികമേള ഫെബ്രുവരി രണ്ടുമുതൽ ഒൻപതുവരെ തെള്ളകം ചൈതന്യ പാസ്റ്ററൽ സെൻററിൽ നടത്തും.

കാർഷിക മേളയോടൊപ്പം നാടൻ പശുക്കളുടെ പ്രദർശനം, സ്റ്റാച്ച്യൂ പാർക്ക്, വിള പ്രദർശനം, അമ്യൂസ്മെൻറ് പാർക്ക്, പെറ്റ് ഷോ, പുരാവസ്തു പ്രദർശനം, പൗരാണിക ഭോജനശാല, മെഡിക്കൽ ക്യാമ്പ്, പച്ചമരുന്ന്പാരമ്പര്യ ചികിത്സാരീതി പ്രദർശനം, പുഷ്പഫല വൃക്ഷാദികളുടെയും പക്ഷി മൃഗാദികളുടെയും പ്രദർശനവും വിപണനവും തുടങ്ങിയ പരിപാടികളുണ്ടെന്നു കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ പത്രസമ്മേളനത്തിൽ അറിയിച്ചു.

രണ്ടിന് ഉച്ചയ്ക്ക് 2.30നു സ്വാശ്രയസംഘമഹോത്സവം ഉദ്ഘാടനം മന്ത്രി വി.എൻ. വാസവനും കാർഷികമേള ഉദ്ഘാടനം മന്ത്രി പി. പ്രസാദും നിർവഹിക്കും.മൂന്നിന് ഉച്ചയ്ക്ക് 2.30ന് മന്ത്രി റോഷി അഗസ്റ്റിൻറെ അധ്യക്ഷതയിൽ മന്ത്രി കെ. കൃഷ്ണൻകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്യും. നാലിന് ഉച്ചക്കു 2.30നു പരിസ്ഥിതി സൗഹാർദ സമ്മേളനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്യും. ആർച്ച്ബിഷപ് മാർ തോമസ് തറയിൽ അധ്യക്ഷത വഹിക്കും. എട്ടിന് ഉച്ചകഴിഞ്ഞ് 2.30ന് ഭക്ഷ്യസുരക്ഷാദിനം മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി എ.കെ. ശശീന്ദ്രൻ മുഖ്യപ്രഭാഷണം നടത്തും. ഒമ്പതിന് ഉച്ചകഴിഞ്ഞ് 2.30 ന് സമാപനസമ്മേളനത്തിൽ ആർച്ച്ബിഷപ് മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിക്കും. മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. യോഗത്തിൽ കാരുണ്യശ്രേഷ്ഠ, സാമൂഹ്യശ്രേഷ്ഠ പുരസ്കാരങ്ങൾ സമർപ്പിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



# മാലിന്യത്തിൽ നിന്നും മലർവാടിയിലേക്ക് സന്ദേശവുമായി ഗ്രീൻ ലീഫ് പാർക്ക് ഉദ്ഘാടനം ചെയ്തു

**കണ്ണൂർ:** മാലിന്യത്തിൽ നിന്നും മലർവാടിയിലേക്ക് എന്ന സന്ദേശവുമായി ഇരിട്ടി നഗരസഭയുടെ ഗ്രീൻ ലീഫ് പാർക്ക് പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്തു. മാലിന്യമുക്ത സുന്ദര കേരളത്തിനായുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു. വ്യക്തി ശുചിത്വത്തിലും വീടുകൾ വൃത്തിയായി വയ്ക്കുന്നതിലും മലയാളികൾ മുന്നിലാണ്. എന്നാൽ പൊതു ഇടങ്ങൾ ശുചിയായി വയ്ക്കുന്നതിൽ കൂടി ശ്രദ്ധ ചെലുത്തേണ്ടേതുണ്ട്. ഇത്തരം സ്ഥലങ്ങളിൽ മനോഹരമായ മിനി പാർക്കുകൾ നിർമിച്ചാൽ ആരും മാലിന്യങ്ങൾ നിക്ഷേപിക്കില്ലന്നും നാട്ടുകാർക്ക് ഒത്തുചേരാനും ഇരിക്കാനും ഒരിടം ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു.

ഇരിട്ടി കെഎസ്ഇബി ഓഫീസിന് സമീപം നടന്ന പരിപാടിയിൽ അഡ്വ. സണ്ണി ജോസഫ് എംഎൽഎ അധ്യക്ഷനായി. പാർക്കിൽ സ്ഥാപിച്ച ബോട്ടിൽ ബൂത്തിന്റെ ഉദ്ഘാടനം ഇരട്ടി നഗരസഭയുടെ ശുചിത്വ അംബാസഡറും ചിത്രകാരിയുമായ വിദ്യാസുന്ദർ നിർവ്വഹിച്ചു. ഗ്രീൻ ലീഫ് ചെയർമാൻ അഡ്വ ബിനു കുളമക്കാട്ട് റിപ്പോർട്ട് അവതരിപ്പിച്ചു. മാലിന്യം നിക്ഷേപിക്കപ്പെട്ടിരുന്ന സ്ഥലങ്ങൾ ശുചീകരിച്ചു വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ പദ്ധതിയാണ് ഗ്രീൻ ലീഫ് പാർക്ക്. കണ്ണൂർ ജില്ലയുടെ കുടിവെള്ള വിതരണത്തിന്റെ കേന്ദ്രമായിട്ടുള്ള പഴശ്ശി ജലസേചന പദ്ധതിയുടെ ഭാഗമായ പുഴയോരത്തുള്ള മാലിന്യ നിക്ഷേപ കേന്ദ്രമായി ഉപേക്ഷിക്കപ്പെട്ട പ്രദേശമായിരുന്നു നേരത്തെ ഇവിടം. മാലിന്യങ്ങൾ നീക്കം ചെയ്ത് ആറുലക്ഷത്തോളം രൂപ ചെലവഴിച്ചാണ് ഉദ്യാനം നിർമിച്ചിരിക്കുന്നത്. നഗരസഭയുടെ നേതൃത്വത്തിൽ ഇരിട്ടിയിലെ സാമൂഹിക രംഗത്തും പരിസ്ഥിതി സംരക്ഷണ രംഗത്തും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിവരുന്ന ഗ്രീൻ ലീഫ് ആണ് പദ്ധതിക്ക് നേതൃത്വം നൽകിയത്.

ഇരിട്ടി നഗരസഭ അധ്യക്ഷ കെ ശ്രീലത, സ്ഥിരം സമിതി അധ്യക്ഷരായ കെ സോയ, പി.കെ ബൾക്കിസ്, കെ സുരേഷ്, കൗൺസിലർമാരായ വി.പി അബ്ദുൽ റഷീദ്, കെ നന്ദനൻ, വി.ശശി, ഇരിട്ടി നഗരസഭാ സെക്രട്ടറി രാകേഷ് പാലേരി വീട്ടിൽ, പി.എ നസീർ, ഗ്രീൻ ലീഫ് സെക്രട്ടറി എൻ.ജെ ജോഷി തുടങ്ങിയവർ സംസാരിച്ചു.ഇരിട്ടി നഗരസഭ സ്ഥിരം സമിതി അധ്യക്ഷരായ കെ സോയ, പി.കെ ബൾക്കിസ്, കെ സുരേഷ്, കൗൺസിലർമാരായ വി.പി അബ്ദുൽ റഷീദ്, കെ നന്ദനൻ, വി.ശശി, ഇരിട്ടി നഗരസഭാ സെക്രട്ടറി രാകേഷ് പാലേരി വീട്ടിൽ, പി.എ നസീർ, ഗ്രീൻ ലീഫ് സെക്രട്ടറി എൻ.ജെ ജോഷി എന്നിവർ സംസാരിച്ചു.

# മാരാമൺ കൺവൻഷൻ: പാർക്കിംഗ് ക്രമീകരണങ്ങൾ വിപുലപ്പെടുത്തും

**പത്തനംതിട്ട:** പമ്പാ മണൽപ്പുറത്ത് ഫെബ്രുവരി ഒൻപതു മുതൽ 16 വരെ നടക്കുന്ന മാരാമൺ കൺവൻഷനോടനുബന്ധിച്ച് പാർക്കിംഗ് ക്രമീകരണം വിപുലപ്പെടുത്താൻ മന്ത്രി വീണാ ജോർജിൻറെ അധ്യക്ഷതയിൽ ചേർന്ന അവലോകനയോഗം തീരുമാനിച്ചു. പാർക്കിംഗ് സ്ഥലം ക്രമീകരിക്കാനായി പോലീസ്, പഞ്ചായത്ത് അധികൃതർ, കൺവൻഷൻ സംഘാടക പ്രതിനിധികൾ എന്നിവർ സംയുക്തമായി സ്ഥലപരിശോധന നടത്തും.

ജലസേചന വകുപ്പിൻറെ നേതൃത്വത്തിൽ കോഴഞ്ചേരി, നെടുമ്പ്രയാർ തുടങ്ങിയ കടവുകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാനും നിർദേശിച്ചു. നദിയിൽ ജലനിരപ്പ് ക്രമീകരിക്കാനാകുമെങ്കിലും കടവുകളിൽ ഇറങ്ങുന്നത് അപകടമാണെന്ന് യോഗം വിലയിരുത്തി. മണൽപ്പുറത്ത് ബാരിക്കേഡുകൾ സ്ഥാപിച്ച് നദിയിലേക്ക് ഇറങ്ങുന്നത് തടയും. ക്രമസമാധാന പാലനവും സുരക്ഷയും പോലീസ് ഉറപ്പുവരുത്തും.

സമ്മേളനനഗരിയിലും മഫ്തിയിൽ വനിതാ പോലീസ് ഉൾപ്പെടെയുള്ളവരെ വിന്യസിക്കും. കൺവൻഷൻ നഗറിൽ താത്കാലിക ഡിസ്പെൻസറിയും ആംബുലൻസ് സൗകര്യവും ആരോഗ്യവകുപ്പ് ക്രമീകരിക്കും. കോഴഞ്ചേരി ജില്ലാ ആശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും സേവനം ഉറപ്പാക്കും.

താത്കാലിക പന്തലിൻറെയും സ്റ്റേജിൻറെയും സുരക്ഷ പൊതുമരാമത്ത് കെട്ടിടവിഭാഗം പരിശോധിച്ച് ഉറപ്പാക്കണം. ഫയർഫോഴ്സിൻറെ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കും.

സ്കൂബാ ഡ്രൈവിംഗ് ടീമും സജ്ജമാക്കും. മണൽപ്പുറത്തും കൺവൻഷനുമായി ബന്ധപ്പെട്ട കേന്ദ്രങ്ങളിലും ജല അഥോറിറ്റി ജലലഭ്യത ഉറപ്പാക്കും. ശുചീകരണ പ്ലാൻറുകളും കിയോസ്കുകളും സജ്ജമാക്കും. കെഎസ്ആർടിസി വിവിധ ഡിപ്പോകളിൽനിന്ന് സ്പെഷൽ സർവീസുകൾ ക്രമീകരിക്കും. തിരുവല്ല ഭാഗത്തേക്ക് പ്രത്യേക രാത്രി സർവീസും ഉണ്ടാകും.

ഗ്രാമപഞ്ചായത്തുകൾ ഹരിതച്ചട്ടം പാലിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തും. റോഡിലേക്ക് ഇറക്കിയുള്ള അനധികൃത കച്ചവടങ്ങൾ ഒഴിപ്പിക്കും. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തും. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി കുറയ്ക്കും. കൺവൻഷൻ നഗറിലും പരിസരങ്ങളിലും എക്സൈസ് പട്രോളിംഗ് ശക്തമാക്കും. വ്യാജമദ്യ വില്പന, നിരോധിത ലഹരി വസ്തുക്കളുടെ വില്പന തുടങ്ങിയവ തടയുന്നതിനുള്ള കർശന നടപടി സ്വീകരിക്കും. ഇൻറർനെറ്റ് സേവനവും മൊബൈൽ കവറേജും ഉറപ്പാക്കാൻ ബിഎസ്എൻഎൽ നിർദേശിച്ചു. കൺവൻഷൻ ആരംഭിക്കുന്നതിനു മുൻപ് വീണ്ടും യോഗം ചേർന്ന് ക്രമീകരണങ്ങൾ പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. സുഗമമായ നടത്തിപ്പിന് വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അടൂർ ആർഡിഒയെ കോഓർഡിനേറ്ററായി ചുമതലപ്പെടുത്തി.

ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ, ജില്ലാ പോലീസ് മേധാവി വി.ജി. വിനോദ് കുമാർ, തിരുവല്ല സബ് കളക്ടർ സുമിത്ത് കുമാർ ഠാക്കൂർ, എഡിഎം ബി. ജ്യോതി, അടൂർ ആർഡിഒ ബി. രാധാകൃഷ്ണൻ, ദുരന്തനിവാരണ വിഭാഗം ഡെപ്യൂട്ടി കളക്ടർ ആർ. രാജലക്ഷ്മി, ജില്ലാ പഞ്ചായത്തംഗം സാറാ തോമസ്, ഗ്രാമപഞ്ചായത്ത് പ്രസിഡൻറുമാരായ ആർ. കൃഷ്ണകുമാർ, റോയ് ഫിലിപ്പ്, ഷീജ ടി. റ്റോജി,മിനി ജിജു ജോസഫ്, കൺവൻഷൻ സംഘാടാകരായ മാർത്തോമ്മ സുവിശേഷ പ്രസംഗ സംഘം ജനറൽ സെക്രട്ടറി റവ. എബി കെ. ജോഷ്വാ, ഭാരവാഹികളായ ഏബ്രഹാം പി. മാത്യു, റവ. ജിജി വർഗീസ്, ഡോ. എബി തോമസ് വാരിക്കാട് തുടങ്ങിയവർ പങ്കെടുത്തു.

# പരിശുദ്ധ മാർ ആബോയുടെ ഓർമപ്പെരുന്നാളും തേവലക്കര കൺവൻഷനും ഇന്നുമുതൽ

**കൊല്ലം:** തേവലക്കര മർത്തമറിയം ഓർത്തഡോക്സ് സുറിയാനി പള്ളി ആൻഡ് മാർ ആബോ തീർഥാടന കേന്ദ്രത്തിലെ പരിശുദ്ധ മാർ ആബോയുടെ ഓർമപ്പെരുന്നാളും തേവലക്കര കൺവൻഷനും 30 മുതൽ ഫെബ്രുവരി 8 വരെ നടക്കും. 30ന് രാവിലെ 6.45ന് മൂന്നിന്മേൽ കുർബാന. വൈകിട്ട് 3 ന് കൊടി ഘോഷയാത്ര. 5.15 നു കൊട്ടാരക്കര പുനലൂർ ഭദ്രാസനം ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ തേവോദോറസ് കൊടിയേറ്റും. വൈകിട്ട് 6.15ന് ആത്മഹർഷം പരിപാടി സുജിത്ത് വിജയൻപിള്ള എംഎൽഎ ഉദ്ഘാടനം ചെയ്യും.

31ന് രാവിലെ 6.45നു മൂന്നിന്മേൽ കുർബാന. വൈകിട്ട് 7 നു തേവലക്കര കൺവൻഷൻ കിഴക്കേക്കര സെന്റ് മേരീസ് ചാപ്പൽ അങ്കണത്തിൽ തോമസ് മുട്ടുവേലി കോറെപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യും. ഫെബ്രുവരി 1ന് രാവിലെ 6.45നു മൂന്നിന്മേൽ കുർബാന. രാവിലെ 10നു കുരുന്നുകൾക്കൊരു വിരുന്ന്. 2ന് രാവിലെ 6.45നു ഡോ. ജോസഫ് മാർ ദിവന്നാസിയോസ്, അലക്സാണ്ടർ വൈദ്യൻ കോറെപ്പിസ്കോപ്പ, കെ.ടി.ഗീവർഗീസ് റമ്പാൻ എന്നിവരുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന.

രാവിലെ 10ന് ഇടവക ദിനാഘോഷം, 12.30നു സ്നേഹവിരുന്ന്. 1.30നു മാർ ആബോ എക്യുമെനിക്കൽ ക്വിസ് മത്സരം. 3ന് രാവിലെ 6.45നു മൂന്നിന്മേൽ കുർബാന. 4ന് രാവിലെ 6.45ന് ഡോ.സഖറിയാ മാർ അപ്രേം, ഫാ. ഫിലിപ്പ് തരകൻ, ഫാ. ആരോൺ ജോയി എന്നിവരുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന. 5ന് രാവിലെ 6.45ന് ഡോ. യൂഹാനോൻ മാർ ദിയസ്കോറസ്, ഫാ. ജോൺ ടി.വർഗീസ്, ഫാ. ഐറിൻ ജെ.അലക്സ് എന്നിവരുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന.

6ന് രാവിലെ 6.45ന് മൂന്നിന്മേൽ കുർബാന, വൈകിട്ട് 6.45 നു പൊതുസമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്യും. 7ന് രാവിലെ 6.45 ന് മൂന്നിന്മേൽ കുർബാന. വൈകിട്ട് 4.30നു പദയാത്ര സ്വീകരണവും തീർഥാടക സംഗമവും. 6.45നു റാസ. 8നു ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഗീവർഗീസ് മാർ പക്കോമിയോസ്, ഡോ. ഗീവർഗീസ് മാർ ബർന്നബാസ് എന്നിവരുടെ കാർമികത്വത്തിൽ മൂന്നിന്മേൽ കുർബാന.

തുടർന്ന് കൊടിയിറക്ക്, വൈകിട്ട് 6.30ന് ബൈബിൾ നാടകം എന്നിവ നടക്കുമെന്ന് വികാരി ഫാ. മാത്യു ടി.തോമസ്, ജനറൽ കൺവീനർ പി.ഒ.കോശി വൈദ്യൻ, പ്ലാവിളയിൽ, പബ്ലിസിറ്റി കൺവീനർ പി.ടി.ജോൺ വൈദ്യൻ, ജേക്കബ് അലക്സ് വൈദ്യൻ, ബോബി തോമസ് വൈദ്യൻ, അഞ്ജിത്ത് പി.അലക്സ് വൈദ്യൻ എന്നിവർ അറിയിച്ചു.

# അർത്തുങ്കലിൽ പുതിയ മത്സ്യബന്ധന തുറമുഖം: 103 കോടി രൂപ അനുവദിച്ചു

**ആലപ്പുഴ:** ജില്ലയിലെ അർത്തുങ്കലിൽ മത്സ്യബന്ധന തുറമുഖം നിർമാണത്തിന് അനുമതിയായി. പദ്ധതിക്ക് 103.32 കോടി രൂപ അനുവദിച്ചതായി ധനകാര്യ മന്ത്രി കെ .എൻ ബാലഗോപാൽ അറിയിച്ചു. ബ്രേക്ക് വാട്ടർ നിർമാണത്തിന് മാത്രമായി 58.55 കോടി രൂപ നീക്കിവയ്ക്കും. പുതിയ വാർഫ്, ലേല ഹാൾ, കാന്റീൻ, ലോക്കർ റൂം, ശുചിമുറി സമുച്ചയം, ജലവിതരണ സൗകര്യങ്ങൾ, ചുറ്റുമതിൽ, അകത്തും പുറത്തും ആവശ്യമായ റോഡുകൾ, പാർക്കിങ് സ്ഥലം, 100 ടൺ ഐസ് പ്ലാന്റ്, ഡ്രെഡ്ജിങ്, ഗ്രീൻ ബൽറ്റ്, കുഴൽക്കിണർ ഉൾപ്പെടെ സൗകര്യങ്ങളാണ് ഒരുക്കുന്നത്. നബാർഡ് സഹായത്തോടെ ഏറ്റെടുത്തിട്ടുള്ള പദ്ധതി 2027 മാർച്ചിനകം പൂർത്തീകരണം ലക്ഷ്യമിടുന്നു.

# റേഷൻ കാർഡുടമകൾ ഭക്ഷ്യധാന്യങ്ങൾ കൈപ്പറ്റണം

**തിരുവനന്തപുരം:** ജനുവരിയിലെ ഭക്ഷ്യധാന്യങ്ങൾ രണ്ടുദിവസത്തിനകം റേഷൻ കാർഡുടമകൾ കൈപ്പറ്റണമെന്ന് മന്ത്രി ജി.ആർ.അനിൽ അറിയിച്ചു. ജനുവരിയിലെ വിതരണത്തിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എല്ലാ റേഷൻ കടകളിലുമുണ്ട്. റേഷൻ കടകളിൽ സ്റ്റോക്ക് ഇല്ലെന്നും കടകൾ കാലിയാണെന്നുമുള്ള ചില മാധ്യമവാർത്തകൾ വസ്തുതാ വിരുദ്ധമാണെന്ന് മന്ത്രി അറിയിച്ചു. ഈ മാസത്തെ റേഷൻ വിതരണത്തെ സംബന്ധിച്ച് ജില്ലാസപ്ലൈ ഓഫീസർമാരുടെയും താലൂക്ക് സപ്ലൈ ഓഫീസർമാരുടെയും യോഗം ഭക്ഷ്യമന്ത്രിയുടെ അധ്യക്ഷതയിൽ വിളിച്ചുചേർത്തു. ജനുവരിയിലെ റേഷൻ വിതരണത്തിന്റെ പുരോഗതി അവലോകനം ചെയ്തു. റേഷൻ വിതരണത്തിന്റെ തോത് കഴിഞ്ഞ മാസത്തേക്കാൾ കുറവുള്ള ജില്ലകളിൽ വിതരണം വർധിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകി. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപടി വിതരണത്തിന്റെ പ്രവർത്തനം വേഗത്തിലാക്കാൻ മന്ത്രി നിർദ്ദേശിച്ചു. വയനാട് ജില്ലയിൽ 81.57 ശതമാനവും മലപ്പുറത്ത് 80 ശതമാനവും കാസർഗോഡ് 77.7 ശതമാനവും പേർ ജനുവരിയിലെ റേഷൻ വിഹിതം കൈപ്പറ്റി. വാതിൽപടി വിതരണത്തിലെ കരാറുകാരുടെ സമരം പിൻവലിച്ചതിനാൽ തിങ്കളാഴ്ച മുതൽ എല്ലാ ജില്ലകളിലും വേഗത്തിൽ വിതരണം നടന്നുവരുന്നു. ഫെബ്രുവരിയിലെ വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളാണ് ഇപ്പോൾ റേഷൻ കടകളിലേക്ക് വാതിൽപടിയായി എത്തിച്ചുകൊണ്ടിരിക്കുന്നത്. മതിയായ കാരണങ്ങളില്ലാതെ ലൈസൻസിക്ക് റേഷൻകട അടച്ചിടുന്നതിന് അവകാശമില്ലെന്നും റേഷൻവിതരണം തടസ്സപ്പെടുത്തുന്ന ഏതൊരു പ്രവൃത്തിയും അച്ചടക്ക ലംഘനമായി കാണുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# കോച്ചിങ് ബിയോണ്ട് ദി ഗെയിം സെമിനാർ സംഘടിപ്പിച്ചു



**കൊച്ചി:** മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള കൊച്ചി ബ്ലൂ സ്പൈക്കേഴ്സിന്റെ ആഭിമുഖ്യത്തിൽ കോച്ചിങ് ബിയോണ്ട് ദി ഗെയിം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. സാങ്കേതികവിദ്യ, കായികതാരങ്ങളുടെ സുരക്ഷ, സമഗ്ര വികസനം എന്നിവയുടെ സംയോജനത്തിന് ഊന്നൽ നൽകിക്കൊണ്ട് ഇന്ത്യയിലെ വോളിബോളിന്റെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്ത സെമിനാറിൽ രാജ്യത്തിനകത്ത് നിന്നും വിദേശത്ത് നിന്നുമുള്ള പരിശീലകർ, കളിക്കാർ തുടങ്ങി 100ലേറെ സ്പോർട്സ്പ്രേമികൾ പങ്കെടുത്തു.മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ഡയറക്ടർ തോമസ് മുത്തൂറ്റ് സെമിനാർ ഉദ്ഘാടനം ചെയ്തു. സ്പോർട്സിന്റെ വളർച്ചയ്ക്കും യുവ കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിലും മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പിന്റെ പ്രതിബദ്ധത അദ്ദേഹം വ്യക്തമാക്കി. തുടർന്ന് സംസാരിച്ച മുത്തൂറ്റ് മൈക്രോഫിൻ സിഇഒ ഉദീഷ് ഉല്ലാസ് മുത്തൂറ്റ് വോളിബോൾ അക്കാദമി, കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് ക്രിക്കറ്റ്, ബാഡ്മിന്റൺ, ഫുട്ബോൾ അക്കാദമികൾ തുടങ്ങിയ സംരംഭങ്ങളിലൂടെ സ്പോർട്സ് രംഗത്ത് കമ്പനി നൽകുന്ന സംഭാവനകൾ ചൂണ്ടിക്കാണിച്ചു.സ്വഭാവ രൂപീകരണവും അച്ചടക്കം വളർത്തലും മാർഗദർശനവുമാണ് കോച്ചിങ്ങിലൂടെ ലക്ഷ്യമിടുന്നതെന്ന് സെമിനാറിൽ സംസാരിച്ച ദ്രോണാചാര്യ, അർജുണ അവാർഡ് ജേതാവായ ജി.ഇ. ശ്രീധരൻ പറഞ്ഞു.

പിന്നാക്കം നിൽക്കുന്ന കായികതാരങ്ങൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് തുല്യ അവസരങ്ങൾ നൽകുന്നതിന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് പ്രതിജ്ഞാബദ്ധമാണെന്ന് മുത്തൂറ്റ് പാപ്പച്ചൻ സ്പോർട്സിന്റെ ഡയറക്ടർ ഹന്ന മുത്തൂറ്റ് വ്യക്തമാക്കി.



# സ്പോർട്സ് ന്യൂട്രീഷനിൽ ശിൽപശാല സംഘടിപ്പിച്ചു

**കൊച്ചി:** ഡയറ്റീഷ്യൻസിനും ന്യൂട്രീഷ്യനിസ്റ്റുകൾക്കുമായി സ്പോർട്സ് ന്യൂട്രീഷനിൽ കൺസൾട്ടന്റ് ഡയറ്റീഷ്യൻ ഡോ. മുംതസ് ഖാലിദ് ഇസ്മാഈലിന്റെ നേതൃത്വത്തിൽ ഏകദിന ശിൽപശാല നടത്തി. സ്പോർട്സ് ന്യൂട്രീഷ്യൻ, സ്പോർട്സ് സൈക്കോളജി, ഇൻജ്വറി പ്രിവൻഷ്യൻ, മാരത്തൺ, ജിം തുടങ്ങി വ്യത്യസ്ത കായിക ഇനങ്ങൾക്കാവശ്യമായ പോഷകങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്നത് ശിൽപശാല ചർച്ച ചെയ്തു. സ്പോർട്സ് സൈക്കോളജി, ഇൻജുറി പ്രിവൻഷൻ, മാരത്തണിനും ജിമ്മിനും പോകുന്നവർക്കുള്ള ന്യൂട്രീഷൻസ്, റിഹാബിലിറ്റേഷൻ ഉൾപ്പെടെ വ്യത്യസ്ത മേഖലകളിലെ വിഷയങ്ങളാണ് കലൂർ ഐ എം എ ഹൗസിൽ നടത്തിയ ശിൽപശാലയിൽ ചർച്ച ചെയ്തത്.സ്പോർട്സ് മാനേജ്മെന്റ് ഗുരുവും കോർപറേറ്റ് ട്രെയിനറും സ്പോർട്സ് പ്രമോട്ടറുമായ ബി ടി സിജിൻ ബി ടി ഉദ്ഘാടനം നിർവഹിച്ചു.

സ്പോർട്സ് ന്യൂട്രീഷ്യനിസ്റ്റുകളായ സിൻഡിൻ ജോൺ, അൻസ സജു, കൺസൾട്ടന്റ് ഡയറ്റീഷ്യൻ ഡോ. മുംതാസ് ഖാലിദ് ഇസ്മാഇൽ, ജനറൽ ആന്റ് മിനിമൽ ആക്സസ് സർജനും ട്രൈസിക്ലിസ്റ്റുമായ ഡോ. ബിബിൻ പി മാത്യു, സീനിയർ ന്യൂട്രീഷ്യനിസ്റ്റ് നിസി സിറിൽ, സ്മിത മേനോൻ, സെർട്ടിഫൈഡ് പെഴ്സണൽ ട്രെയിനർ ബിന്ദു പ്രകാശ്, സൈക്കോളജിസ്റ്റ് അനു സൂരജ് എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

# അഞ്ച് ലക്ഷം വിൽപ്പന പിന്നിട്ട് റോയൽ എൻഫീൽഡ് ഹണ്ടർ 350



**കൊച്ചി:** എൻഫീൽഡ് അതിന്റെ കോംപാക്ടും സ്റ്റൈലിഷുമായ റോഡ്സ്റ്റർ ഹണ്ടർ 350, അഞ്ച് ലക്ഷം എന്ന വിൽപ്പന നാഴികക്കല്ല് പിന്നിട്ടതായി പ്രഖ്യാപിച്ചു. 2022 ഓഗസ്റ്റിൽ അവതരിപ്പിച്ച ഹണ്ടർ ലോകമെമ്പാടുമുള്ള അര ദശലക്ഷം സന്തുഷ്ടരായ ഉടമകളെന്ന വമ്പോടെ, അതിവേഗം വളരുന്ന മോട്ടോർസൈക്കിൾ മോഡലുകളിലൊന്നാണ്.

അർബൻ എക്സ്പ്ലോറർമാർക്കും ന്യൂഏജ് റൈഡർമാർക്കുമായി രൂപകൽപ്പന ചെയ്ത ഹണ്ടർ 350, റോയൽ എൻഫീൽഡിന്റെ ഉചഅയുമായി ചടുലതയും സ്റ്റൈലും വിനോദവും സമന്വയിപ്പിക്കുന്നു. അടിപൊളി സ്റ്റൈലിംഗ്, ഡൈനാമിക് പെർഫോമൻസ്, മോഡേൺറെട്രോ ചാം എന്നിവയാൽ, ഇന്നത്തെ യുവ റൈഡർമാരുടെ ഇഷ്ടപ്പെട്ട ചോയ്സാണ് ഹണ്ടർ 350യെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.

# ഓപ്പോ ഫൈൻഡ് എക്സ് സീരീസ് അവതരിപ്പിച്ചു



**കൊച്ചി :** ഓപ്പോ ഇന്ത്യ  ഇന്ത്യയിൽ ഓപ്പോ ഫൈൻഡ് എക്സ് സീരീസ് അവതരിപ്പിക്കുന്നു. ഓപ്പോയുടെ ഇന്നൊവേഷൻ പാരമ്പര്യത്തിന്റെ തെളിവായി, ഫ്ളാഗ്ഷിപ്പ് മീഡിയ ടെക് ഡിമെൻസിറ്റി 9400 എസ്ഒസി,രണ്ട് ടെലിഫോട്ടോ സ്നാപ്പറുകൾ സഹിതം തികച്ചും പുതിയ ക്വാഡ് ക്യാമറ സിസ്റ്റം, ഉയർന്ന സാന്ദ്രതയുള്ള ക്വിക്ക്ചാർജ്ജിംഗ് സിലിക്കൺ കാർബൈഡ് ബാറ്ററി, ഫോട്ടോഗ്രാഫിക്കും പ്രൊഡക്റ്റിവിറ്റിക്കുമായി നിരവധി എഐ ഫീച്ചറുകളോടെയാണ് കളർഒഎസ് 15 എന്നിവയിൽ ഫൈൻഡ് എക്സ് സീരീസ എത്തുന്നത് ഐപി68 ഐപി69  റേറ്റഡ് ദൃഢതയിലും ഭാരം കുറഞ്ഞ ബിൽഡിലുമാണ്.16ജിബി റാം + 512ജിബി സ്റ്റോറേജുമായി വരുന്ന  ഫൈൻഡ് എക്സ്  മോഡലിന് ഐഎൻആർ 99,999 ഉം . 12ജിബി + 25ജിബി വേരിയന്റിന് INR 69,999 ഉം, 16ജിബി + 512ജിബി വേരിയന്റിന് ഐഎൻആർ എന്നിങ്ങനെയാണ് വിലയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.



# സർഗാത്മകയ്ക്ക് ബദലാകാൻ ടെക്നോളജിക്ക് കഴിയില്ലെന്ന് വിദഗ്ദ്ധർ

**കൊച്ചി:**  ക്രിയേറ്റീവ് രംഗത്ത് ടെക്നോളജിയുടെ വളർച്ച സർഗാത്മകതയുടെ പ്രധാന്യം കുറയ്ക്കില്ലെന്ന് രാജ്യത്തെ പരസ്യ വിദഗ്ദ്ധർ. കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി സംഘടിപ്പിച്ച സംഘടിപ്പിച്ച ഫ്യൂച്ചർ സമിറ്റിൽ നടന്ന 'ക്രാഫ്റ്റിങ് ടുമാറോ: റീഡിഫൈനിംഗ് ദ് അഡ്വർടൈസ്മെന്റ് ഇക്കോസിസ്റ്റം' സെഷനിലാണ് ഇക്കാര്യം അഭിപ്രായപ്പെട്ടത്.

ഭാവിയിൽ ഉള്ളടക്കത്തിനാണ് പ്രാധാന്യമെന്നും രൂപരേഖയിൽ മാത്രമാകും മാറ്റമുണ്ടാകുക എന്ന് ഒബിഡബ്ല്യു സ്ഥാപകനും ബ്രാൻഡ് കൺസൾട്ടന്റുമായ ഫേവർ ഫ്രാൻസിസ് അഭിപ്രായപ്പെട്ടു.ടെക്നോളജി മനുഷ്യന്റെ സർഗാത്മകതയെ മാറ്റി മറിക്കാൻ  സാധ്യതയില്ലെന്ന അഭിപ്രായമാണ് ബസ്സ്വേഡ് കമ്മ്യൂണിക്കേഷൻസ് മാനേജിംഗ് ഡയറക്ടർ ഡോമിനിക് സാവിയോയും പങ്കുവെച്ചത്. ക്രിയേറ്റീവിനെ കൂടുതൽ ശക്തിപ്പെടുത്തുവാൻ ടെക്നോളജി ഉപകരിക്കുവെന്നും അദ്ദേഹം വ്യക്തമാക്കി."ടെക്നോളജിക്ക് സ്റ്റോറി ടെല്ലറുടെ പ്രാധാന്യം കുറയ്ക്കാൻ സാധിക്കില്ല. നിങ്ങൾ ഒരു പ്രതിഭാശാലിയായ സ്റ്റോറി ടെല്ലറാണെങ്കിൽ നിങ്ങളുടെ പ്രാധാന്യം വർദ്ധിക്കുമെന്നും ടീം വൺ അഡ്വർടൈസിംഗ് ക്രിയേറ്റീവ് ഡയറക്ടർ റാഫി ഡേവിസ് അക്കര  പറഞ്ഞു.നിരീക്ഷണമാണ് സർഗാത്മകതയ്ക്ക് അനിവാര്യമെന്നും ക്രിയേറ്റീവായ അടിക്കുറിപ്പുകൾ എഴുതുവാൻ മനുഷ്യജീവിതം കൂടുതൽ നിരീക്ഷിക്കണമെന്നും  ഡൊമിനിക് സാവിയോ വ്യക്തമാക്കി.

പൊതുജനങ്ങളുടെ ശ്രദ്ധാ ദൈർഘ്യം കുറഞ്ഞുകൊണ്ടിരിക്കുന്ന കാലത്ത് പ്രേക്ഷകരുടെ ശ്രദ്ധ പിടിച്ചുപറ്റുകയെന്നതാണ് ഇപ്പോൾ നേരിടുന്ന പ്രധാന വെല്ലുവിളിയെന്ന്  റാഫി അക്കര ചൂണ്ടിക്കാട്ടി. കണ്ടന്റ് സ്ട്രാറ്റജിസ്റ്റ് അഞ്ജന ജോർജ്ജ് മോഡറേറ്ററായിരുന്നു.

# സിംഫണി പുതിയ വാട്ടർ ഹീറ്ററുകൾ വിപണിയിലെത്തിച്ചു

**കൊച്ചി:** ജല ശുദ്ധീകരണത്തിനുള്ള പ്യൂറോപോഡ് ടെക്നോളജിയുമായി മുൻനിര എയർ കൂളിങ് ഉപകരണ നിർമാതാക്കളായ സിംഫണി പുതിയ വാട്ടർ ഹീറ്ററുകൾ വിപണിയിലെത്തിച്ചു. സിംഫണി സ്പാ, സിംഫണി സോന, സിംഫണി സോൾ എന്നീ മൂന്ന് മോഡലുകളാണ് അവതരിപ്പിച്ചിരിക്കുന്നത്. ഇവ 10 ലീറ്റർ, 15 ലീറ്റർ, 25 ലീറ്റർ ശേഷികളിൽ ലഭ്യമാണ്.  വെള്ളത്തിലെ ഹാനികരമായ കെമിക്കലുകളേയും ഖരപദാർത്ഥങ്ങളേയും ഫിൽറ്റർ ചെയ്ത് ശുദ്ധീകരിക്കുന്ന 9ലെയർ പ്യൂറോപോഡ് ടെക്നോളജിയാണ് ഈ വാട്ടർ ഹീറ്ററുകളുടെ പ്രധാന സവിശേഷതയെന്ന് കമ്പനി അധികൃതർ അവകസാശപ്പെട്ടു.എഐ അധിഷ്ഠിത വാട്ടർ ഹീറ്ററാണ് സിംഫണി സ്പാ. ഈ ശ്രേണിയിൽ സ്മാർട്ട്ബാത്ത് സാങ്കേതിക വിദ്യയും കമ്പനി അവതരിപ്പിച്ചിരിക്കുന്നു.





# എച്ച്പി എസ്എംബി കണക്ട് സെൻ്റർ കൊച്ചിയിൽ തുറന്നു

**കൊച്ചി:** എച്ച്പി ഇന്ത്യയുടെ സൗത്ത് ഇന്ത്യയിലെ ആദ്യ എച്ച്പി എസ്എംബി കണക്ട് സെൻ്റർ കൊച്ചിയിൽ പ്രവർത്തനമാരംഭിച്ചു. എച്ച്പി ഇന്ത്യ സെയിൽസ് പ്രൈ.ലി. കൊമേഴ്ഷ്യൽ ചാനൽ ഡയറക്ടർ ശൈലേഷ് ത്രിപാഠി, കൺട്രി മാനേജർ ആശിഷ് അഗർവാൾ എന്നിവർ ചേർന്ന് എക്സിപീരിയൻസ് സെൻ്റർ ഉദ്ഘാടനം ചെയ്തു. കൊച്ചി ഇടപ്പള്ളിയിലെ ഒബ്രോൺമാളിൽ 3ാം നിലയിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന സെൻ്ററിൽ എച്ച്പിയുടെ എല്ലാ കൊമേഴ്ഷ്യൽ പ്രൊഡക്ടുകളും സേവനങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കും. കസ്റ്റമൈസ് സൊല്യൂഷനുകൾ, വിദഗ്ധരുടെ നിർദേശങ്ങൾ, ഇൻ്ററാക്ടീവ് ഡെമോൺസ്ട്രേഷനുകൾ ഉൾപ്പെടെയുള്ള സേവനങ്ങളും ലഭ്യമാണ്.

ബിസിനസ് സ്ഥാപനങ്ങൾക്ക് പ്രതിസന്ധികൾ അഭിമുഖീകരിക്കുവാനും, ഡിജിറ്റൽ ട്രാൻസ്ഫർമേഷൻ സാധ്യമാക്കുന്നതിനും അതിലൂടെ സുസ്ഥിരമായ വിജയം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ടാണ് എച്ച്പി എസ്എംബി കണക്ട് എക്സ്പീരിയൻസ് സെൻ്റർ പ്രവർത്തിക്കുന്നതെന്ന് എച്ച്പി ഇന്ത്യ സെയിൽസ് പ്രൈ. ലി. കൊമേഴ്ഷ്യൽ ചാനൽ ഡയറക്ടർ ശൈലേഷ് ത്രിപാഠി പറഞ്ഞു. ഏറ്റവും നവീനമായ ടെക്, ഐടി സൊല്യൂഷനുകളുടെ ഈ നൂതന ഹബ് എച്ച്പിയുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനായി മാത്രമുള്ള ഒരിടമല്ല. മറിച്ച്, ബിസിനസ് സംരംഭങ്ങൾക്ക് കൂടുതൽ വളർച്ചയും വികാസവും സാധ്യമാക്കുന്ന നവീന സാങ്കേതിക വിദ്യകളേയും, ഓരോ സ്ഥാപനങ്ങൾക്കും അനുയോജ്യമായ പരിഹാര മാർഗങ്ങൾ, വിദഗ്ധ നിർദേശങ്ങൾ തുടങ്ങിയ സേവനങ്ങൾ ഉറപ്പുനൽകുന്ന, പങ്കാളിത്തത്തിനും കൺസൾട്ടേഷനും പുതിയ സാധ്യതകൾ തുറന്നുനൽകുന്ന ഒരു വേദികൂടിയാണെന്നും അദ്ദേഹം വ്യക്തമാക്കി.

# അസെൻ്റ് സമ്മിറ്റ് ഫെബ്രുവരി ഒന്നിന് കൊച്ചിയിൽ

**കൊച്ചി:** ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ നടക്കുന്ന ആഗോള നിക്ഷേപക സംഗമത്തിന് മുന്നോടിയായായി അസെൻ്റ് സമ്മിറ്റ് സംഘടിപ്പിക്കുന്നു. കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെൻ്റ് കോർപ്പറേഷനുമായി സഹകരിച്ച് 'ആങ്കറിങ് ഗ്രോത്ത് ഫ്രം കേരള' എന്ന വിഷയത്തിലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

അസെൻ്റ് സമ്മിറ്റ് എന്ന പേരിൽ ഫെബ്രുവരി ഒന്നിന് വൈകുന്നേരം ഹോട്ടൽ മൺസൂൺ എംപ്രസിൽ നടക്കുന്ന പരിപാടിയിൽ രണ്ട് സെഷനുകളാണ് ഉള്ളത്. വ്യവസായ മന്ത്രി പി. രാജീവ് മുഖ്യാതിഥിയായിരിക്കും. വിജയകഥകളുടെ അവതരണത്തോടെ വൈകിട്ട് 5.30 നാണ് സമ്മേളനം ആരംഭിക്കുന്നത്. തുടർന്ന് നടക്കുന്ന പാനൽ ചർച്ചയും സംവാദവും വ്യവസായ വാണിജ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് നയിക്കും.ആറ് പ്രശസ്ത സംരംഭകർ തങ്ങളുടെ കരിയർ വളർച്ച അവതരിപ്പിക്കും. തുടർന്ന് കേരളത്തിൽ വളർന്ന് ആഗോള പാത തെളിയിച്ചവർ  എന്ന പ്രമേയത്തിൽ ആറ് വിദഗ്ധർ പങ്കെടുക്കുന്ന റൗണ്ട് ടേബിൾ ചർച്ച കെഎസ്ഐഡിസി ചെയർമാൻ ബാലഗോപാൽ ചന്ദ്രശേഖർ നയിക്കും.ഹൈക്കൺ ഇന്ത്യ സിഎംഡി ക്രിസ്റ്റോ ജോർജ്, നവാൾട്ട് സോളാർ ആൻഡ് ഇലക്ട്രിക് ബോട്ട്സ് ഡയറക്ടർ സന്ദിത് അറുമുഖൻ തണ്ടശേരി, പോപ്പീസ് ബേബി കെയർ പ്രൊഡക്ട്സ് സ്ഥാപകനും എംഡിയുമായ ഷാജു തോമസ്, ഏയ്സ്വെയർ ഫിൻടെക് സർവീസസ് എംഡി നിമിഷ ജെ വടക്കൻ, സോൾവ് പ്ലാസ്റ്റിക് പ്രോഡക്ട്സ് എംഡി സുധീർ കുമാർ, ട്രാൻസ്മിയോ സ്ഥാപകനും സിഇഒ യുമായ സഫിൽ സണ്ണി തുടങ്ങിയവർ തങ്ങളുടെ വിജയകഥകൾ പങ്കുവയ്ക്കും.

6.45 ന് വൈകുന്നേരം നടക്കുന്ന പാനൽ ചർച്ചയിൽ എസ്എഫ്ഒ ടെക്നോളജീസ് (നെസ്റ്റ് ഗ്രൂപ്പ്) സിഎംഡി എൻ ജഹാംഗീർ, സിഐഐ (സതേൺ റീജിയൻ) മുൻ ചെയർമാൻ നവാസ് മീരാൻ (ഈസ്റ്റേൺ ട്രേഡ്സ് ലിമിറ്റഡ്), സിന്തൈറ്റ് ഇൻഡസ്ട്രീസ് എംഡി അജു ജേക്കബ്, വികെസി ഫുട്ഗിയർ സിഎംഡി വികെസി റസാഖ്, പീകെ സ്റ്റീൽ കാസ്റ്റിംഗ്സ് ജോയിൻ്റ് എംഡി കെ ഇ ഷാവാസ്, വൈറ്റൽ കാഷ്യൂ ഇൻഡസ്ട്രീസ് എംഡി സന്തോഷ് കാമത്ത് തുടങ്ങിയവർ പങ്കെടുക്കും.

# എബിലിറ്റീസ് ഇന്ത്യാ എക്സ്പോ നാളെ  മുതൽ കൊച്ചിയിൽ

**കൊച്ചി:** അംഗപരിമിതർക്കുള്ള ഉൽപ്പന്നങ്ങളും സേവനങ്ങളും അംഗപരിമിതിയുള്ളവർ നിർമിച്ച ഉൽപ്പന്നങ്ങളും അവതരിപ്പിക്കുന്ന ആദ്യത്തെ സമഗ്ര ദേശീയ പ്രദർശനമായ എബിലിറ്റീസ് ഇന്ത്യാ എക്സ്പോ നാളെ (ജനുവരി 31) കൊച്ചി രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കും. വോൽഷൽ എബിലിറ്റീസ് ആൻഡ് അസിസ്റ്റീവ് ടെക്നോളജീസ് ആണ് ഫെബ്രുവരി രണ്ട് വരെയുള്ള പ്രദർശനം സംഘടിപ്പിക്കുന്നത്. രാവിലെ പതിനൊന്ന് മണി മുതൽ രാത്രി ഒമ്പത് മണി വരെയാണ് പ്രദർശനം. നാളെ (ജനുവി 31) രാവിലെ 11 മണിക്ക് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ സംസ്ഥാന ഭിന്നശേഷി കമ്മിഷണർ

AI Expo Abilities India JAN-FEB 31 01 02 2025 RAJIV GANDHI INDOOR STADIUM KOCHI, KERALA, INDIA

ഡോ. പി. ടി. ബാബുരാജൻ മുഖ്യാതിഥിയാകും. വായ കൊണ്ട് ചിത്രം വരച്ച് ശ്രദ്ധനേടിയ സുനിത ത്രിപ്പണിക്കര, കാല് കൊണ്ട് ചിത്രം വരയ്ക്കുന്ന സ്വപ്ന അഗസ്റ്റിൻ എന്നിവർ ചിത്രങ്ങൾ വരച്ച് പ്രദർശനം ഉദ്ഘാടനം ചെയ്യും. ഒന്നിന് വൈകിട്ട് ആറ് മണിക്ക് വൈക്കം വിജയലക്ഷ്മിയുടെ സംഗീത പരിപാടി അരങ്ങേറും. മന്ത്രിമാരും എംഎൽഎമാരും ഉൾപ്പെടെ നിരവധി പ്രമുഖർ മൂന്ന് ദിവസങ്ങളിലായി പ്രദർശനം സന്ദർശിക്കും. രണ്ടിന് വൈകിട്ട് നാല് മണിക്ക് നടക്കുന്ന സമാപന സമ്മേളനം വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.അംഗപരിമിതർക്കും വയോജനങ്ങൾക്കും രോഗികൾക്കും സഹായകമാകുന്ന ശാസ്ത്രസാങ്കേതിക ഉപകരണങ്ങളുടെയും വാഹനങ്ങളുടെയും പ്രദർശനം, വിപണനം, അംഗപരിമിതരായ സംരംഭകരുടെ വിവിധതരം ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയുൾപ്പെടുന്നതാണ് പ്രദർശനമെന്ന് വോൽഷൽ എബിലിറ്റീസ് ആൻഡ് അസിസ്റ്റീവ് ടെക്നോളജീസ് ചെയർമാൻ സൈമൺ ജോർജ് പറഞ്ഞു.

# രാജ്യത്തെ റീട്ടെയിൽ വായ്പ വളർച്ച മിതമായ നിലയിൽ

**കൊച്ചി:** വായ്പ ആവശ്യങ്ങളുടെ വളർച്ചാ നിരക്കിലെ പൊതുവായ ഇടിവും വായ്പ പദ്ധതികളിൽ ക്രെഡിറ്റ് വിതരണം കുറയുന്നതുമാണ് 2024 സെപ്റ്റംബറിൽ അവസാനിക്കുന്ന പാദത്തിൽ ഇന്ത്യയിലെ റീട്ടെയിൽ ക്രെഡിറ്റ് വളർച്ച മിതമായ നിലയിൽ തുടരാൻ കാരണമെന്ന് ട്രാൻസ് യൂണിയൻ സിബിൽ എംഡിയും സിഇഒയുമായ ഭവേഷ് ജെയിൻ പറഞ്ഞു.

TransUnion CIBIL

2023ലെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ ഉപഭോഗാധിഷ്ഠിത വായ്പകളായ ക്രെഡിറ്റ് കാർഡുകൾ, വ്യക്തിഗത വായ്പകൾ, ഉപഭോക്തൃ ഡ്യൂറബിൾ വായ്പകൾ എന്നിവയിൽ  ഇടിവ് കാണപ്പെട്ടു. 2024 സെപ്റ്റംബറിൽ അവസാനിക്കുന്ന പാദത്തിലെ ട്രാൻസ് യൂണിയൻ സിബിൽ ക്രെഡിറ്റ് മാർക്കറ്റ് ഇൻഡിക്കേറ്റർ റിപ്പോർട്ടിലേതാണ് ഈ കണ്ടെത്തലുകൾ.2024 സെപ്റ്റംബറിൽ ക്രെഡിറ്റ് മാർക്കറ്റ് ഇൻഡിക്കേറ്റർ 100 ആയിരുന്നു. ഇത്  2023 സെപ്റ്റംബറിലെ 103 നേക്കാൾ കുറവാണ്. 2022 സെപ്റ്റംബർ മുതൽ ഇൻഡിക്കേറ്റർ സ്ഥിരമായി 100ന് മുകളിൽ തുടരുമ്പോൾ വായ്പ  ആവശ്യകതയിലെ തണുപ്പൻ പ്രതികരണവും  ക്രെഡിറ്റ് വിതരണത്തിലെ ചുരുങ്ങലും ക്രെഡിറ്റ് മാർക്കറ്റ് ഇൻഡിക്കേറ്ററിനെ തുടർച്ചയായി മിതമായ നിലയിലേക്ക് നയിച്ചു.

വായ്പ  ആവശ്യകതയിലെ  വളർച്ച ഇപ്പോഴും അനുകൂലമായിരുന്നു എന്നാൽ രണ്ട് വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലാണ്.  അതേസമയം മിക്ക വായ്പ പദ്ധതികളിലും വായ്പ വിതരണം കുറഞ്ഞു. ക്രെഡിറ്റ് കാർഡുകൾ ഒഴികെയുള്ള എല്ലാ വായ്പ പദ്ധതികളിലുടനീളം പോർട്ട്ഫോളിയോ ബാലൻസ് കുറഞ്ഞ വേഗതയിൽ വളർന്നു. പണയ വായ്പകളിലെ വീഴ്ചകൾ വർഷം തോറും കുറഞ്ഞെങ്കിലും ഉപഭോഗാധിഷ്ഠിത വായ്പയെടുത്തവരിൽ വീഴ്ചകൾ വർധിച്ചു. ഇത് സജീവ പോർട്ട്ഫോളിയോ മാനേജ്മെൻറിൻറെ ആവശ്യകതയാണ് കാണിക്കുന്നത്.

ആഗോള സാമ്പത്തിക സാഹചര്യങ്ങളെ വെല്ലുവിളിക്കുന്നതും നഗര ഉപഭോഗം മന്ദഗതിയിലാക്കുന്നതും ക്രെഡിറ്റ് ഡെപ്പോസിറ്റ് അനുപാതം സുസ്ഥിരമാക്കാൻ രൂപകൽപ്പന ചെയ്ത നിയന്ത്രണ നടപടികളും ഉൾപ്പെടെ നിരവധി ഘടകങ്ങൾ ഇന്ത്യയിലെ വായ്പ വിപണിയെ ബാധിച്ചിട്ടുണ്ടെന്ന് ഭവേഷ് ജെയിൻ പറഞ്ഞു.

# വിഗാർഡ് വരുമാനത്തിൽ 8.9 ശതമാനം വർധനവ്

**കൊച്ചി:** മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2024–25 സാമ്പത്തിക വർഷം, ഡിസംബർ 31 ന് അവസാനിച്ച മൂന്നാം പാദത്തിൽ 1268.65 കോടി രൂപയുടെ സംയോജിത അറ്റ വരുമാനം നേടി. മുൻ വർഷത്തെ വരുമാനം 1165.39 കോടി രൂപയിൽ നിന്ന് 8.9 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്.

V-GUARD

കമ്പനിയുടെ സംയോജിത അറ്റാദായം മുൻ വർഷത്തെക്കാൾ 3.4 ശതമാനം വളർച്ചയോടെ 60.22 കോടി രൂപയായി. മുൻ വർഷമിത് 58.24 കോടി രൂപയായിരുന്നു.ഡിസംബർ 31 ന് അവസാനിച്ച കമ്പനിയുടെ 9 മാസ കാലയളവിലെ സംയോജിത അറ്റ വരുമാനം മുൻ വർഷത്തെക്കാൾ 15 ശതമാനം വളർച്ചയോടെ 3513.90 കോടി രൂപയിൽ നിന്ന് 4039.74 കോടി രൂപയായി. ഇതേ കാലയളവിലെ സംയോജിത അറ്റാദായം മുൻ വർഷത്തെക്കാൾ 22.7 ശതമാനം വളർച്ച നേടി 181.41 കോടി രൂപയിൽ നിന്ന് 222.58 കോടി രൂപയായി.ഇലക്ട്രോണിക് വിഭാഗത്തിൽ മികച്ച പ്രകടനത്തിലൂടെ 8.9 ശതമാനം വളർച്ച കൈവരിക്കാൻ വിഗാർഡിന് സാധിച്ചുവെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു.

സാധനസാമഗ്രികളുടെ വിലയിലുണ്ടായ മാറ്റങ്ങൾ ഇലക്ട്രിക്കൽ വയറുകളുടെ ആവശ്യകതയെ ബാധിക്കുകയും, ഇത്  ഇലക്ട്രിക്കൽ വിഭാഗത്തിൻ്റെ മൊത്തത്തിലുള്ള വളർച്ചയെ സ്വാധീനിക്കുകയും ചെയ്തു. ത്രൈമാസത്തിൽ ദക്ഷിണേതര മേഖലകളിൽ 16% വളർച്ച നേടി മികച്ച പ്രകടനമാണ് കാഴ്ച്ച വെച്ചത്. മൂന്നാം പാദത്തിലെ ഉയർന്ന എ&പി ചെലവുകളും, പ്രത്യേകിച്ച് സൺഫ്ളെയിമിനു വേണ്ടിയുള്ള ചെലവുകളും വളർച്ചയെ സ്വാധീനിച്ചിട്ടുണ്ട്. ആരോഗ്യകരമായ വളർച്ച തുടരുന്ന സാഹചര്യത്തിൽ വരാനിരിക്കുന്ന വേനൽക്കാലത്ത് ശക്തമായ പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ബ്യൂട്ടി അസിസ്റ്റന്റ് പരിശീലനം: സർട്ടിഫിക്കറ്റ് വിതരണം നടത്തി

**പൊന്നുരുന്നി:** സ്വയം പര്യപ്തത കൈവരിക്കുന്നതിലൂടെ കുടുംബത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും സാമ്പത്തിക വളർച്ചയിൽ ഭാഗഭാക്കുകളാകാൻ സ്ത്രീകൾക്ക് സാധിക്കുന്നുവെന്ന് ജില്ലാ സാമൂഹ്യനീതി വകുപ്പ് ഓഫീസർ സിനോജ് സേവ്യർ അഭിപ്രായപ്പെട്ടു. എറണാകുളം അങ്കമാലി അതിരൂപതാ സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെയും കേന്ദ്ര നൈപുണ്യവികസന മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ജൻശിക്ഷൻ സൻസ്ഥാ ന്റെയും സംയുക്താഭിമുഖ്യത്തിൽ സഹൃദയ ക്യാമ്പസിൽ നടത്തപ്പെട്ട 105 ദിവസം നീണ്ടു നിന്ന ബ്യൂട്ടി അസിസ്റ്റന്റ് കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണവും സമാപനയോഗ ഉദ്ഘാടനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊന്നുരുന്നി കാർഡിനൽ പാറേക്കാട്ടിൽ ഹാളിൽ സംഘടിപ്പിച്ച യോഗത്തിൽ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ അദ്ധ്യക്ഷത വഹിച്ചു. സഹൃദയ അസി.ഡയറക്ടർ.ഫാ. സിബിൻ മനയംപിള്ളി , ജെ.എസ്.എസ്. പ്രോഗ്രാം ഓഫീസർ സന്ധ്യ ആർ.പണിക്കർ , ട്രെയ്നർ ജാസ്മിൻ നിസാർ, സഹൃദയ അസി.ജനറൽ മാനേജർ സുനിൽ സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു.വിജയകരമായി കോഴ്സ് പൂർത്തിയാക്കിയ പരിശീലനാർത്ഥികൾ വിവിധ സലൂണുകളിൽ ജോലിയിൽ പ്രവേശിച്ചതായി സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെ ള്ളിൽ പറഞ്ഞു. സഹൃദയ കോ ഓർഡിനേറ്റർമാരായ ഷെൽഫി ജോസഫ്, ഷൈജി സുരേഷ്, മേഴ്സമ്മ അവറാച്ചൻ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

# 96 ഡെബിറ്റ് കാർഡ് ഓഫറുകൾ ക്യാംപെയിനുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** പ്രമുഖ സ്വകാര്യ ബാങ്കായ സൗത്ത് ഇന്ത്യൻ ബാങ്കിന്റെ 96–ാം വാർഷികത്തോടനുബന്ധിച്ച് 96 ഡെബിറ്റ് കാർഡ് ഓഫറുകൾ' ക്യാംപെയിൻ അവതരിപ്പിച്ചു. ക്യാംപെയിൻ ഭാഗമായി, ആമസോൺ, സൊമാറ്റോ, മേക്ക് മൈ ട്രിപ്, ക്രോമ, ലുലു, ഈസിഡിന്നർ, ബുക്ക് മൈ ഷോ തുടങ്ങിയ ഓൺലൈൻ പ്ലാറ്റുഫോമുകളിൽനിന്നും ഡെബിറ്റ് കാർഡ് ഉപയോഗിച്ച് പർച്ചേസ് നടത്തുന്ന ഉപഭോക്താക്കൾക്ക് ആകർഷകമായ ഓഫറുകൾ ലഭിക്കും.

SOUTH INDIAN Bank

നൂറ്റാണ്ടിനോടടുക്കുന്ന സൗത്ത് ഇന്ത്യൻ ബാങ്കിന്റെ വിശ്വസ്തതയെയും അതി നൂതന ഉപഭോക്തൃ സേവനങ്ങളെയും ആഘോഷിക്കുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു ക്യാംപെയിൻ അവതരിപ്പിക്കുന്നതെന്ന് ബാങ്കിന്റെ സിജിഎമ്മും റീട്ടെയിൽ അസറ്റ്സ് മേധാവിയുമായ സഞ്ചയ് സിൻഹ പറഞ്ഞു.

ബാങ്ക് കൈവരിച്ച നേട്ടങ്ങൾക്കു പുറമെ, ശക്തമായ ഉപഭോക്തൃ ബന്ധത്തിന്റെ തെളിവുകൂടിയാണ് സൗത്ത് ഇന്ത്യൻ ബാങ്കിന്റെ നീണ്ട 96 വർഷങ്ങൾ. അടിസ്ഥാന മൂല്യങ്ങളിൽ നിന്നും വ്യതിചലിക്കാതെ നവീന ബാങ്കിങ് സേവനങ്ങൾ ഉറപ്പാക്കാൻ ഇക്കാലമത്രയും സൗത്ത് ഇന്ത്യൻ ബാങ്കിന് കഴിഞ്ഞു.

സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി എക്സ്ക്ലൂസീവ് ഡെബിറ്റ് കാർഡ് ഓഫറുകൾ ആരംഭിക്കുന്നതിലൂടെ, ഉപഭോക്താക്കളോടുള്ള നന്ദി പ്രകടിപ്പിക്കാനും അവരുടെ ബാങ്കിംഗ് അനുഭവം മെച്ചപ്പെടുത്താനുമാണ് ശ്രമിക്കുന്നത്. അദ്ദേഹം പറഞ്ഞു. ഓഫറിനെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ അടുത്തുള്ള ശാഖയിലും ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.



# മെട്രോ ട്രെയിൻ അൺബോക്സിംഗ് ഇവന്റ് സംഘടിപ്പിച്ച് സാംസങും മൈജിയും

**കൊച്ചി :** സൗത്ത് ഇന്ത്യയിലെ ഏറ്റവും വലിയ ഡിജിറ്റൽ ആന്റ് ഹോം അപ്ലയൻസ് റീട്ടെയിൽ നെറ്റുവർക്കായ മൈജിയുമായി ചേർന്ന് രാജ്യത്തെ ആദ്യ മെട്രോ ട്രെയിൻ അൺബോക്സിംഗ് ഇവന്റായി ഗ്യാലക്സി എസ്25 സീരീസ് അവതരിപ്പിച്ച് സാംസങ്.

മൈജി എസ്25 മെട്രോ എഐയുടെ ഗ്യാലക്സിയിലേക്ക് ഒരു യാത്ര എന്നായിരുന്നു പരിപാടിയുടെ പേര്. ഒരു മണിക്കൂർ നീണ്ട മെട്രോ റൈഡിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തവരുൾപ്പെടെ പങ്കെടുത്ത പരിപാടിയിൽ ലൈവ് ഡെമോൺസ്ട്രേഷനും ക്യു ആൻഡ് എ സെഷനുമുണ്ടായി. ഒപ്പം സാംസങ് ഗ്യാലക്സി എസ്25 പ്രീ ബുക്ക് ചെയ്യാനുള്ള സൗകര്യവുമുണ്ടായിരുന്നു. വൺ യുഐ 7നുമായി എത്തുന്ന ആദ്യ സ്മാർട് ഫോണുകളാണ് ഗ്യാലക്സി എസ്25 സീരീസിലുള്ളത്. ടെക്സ്റ്റുകളും സ്പീച്ചുകളും ചിത്രങ്ങളും വീഡിയോകളും എഐ സഹായത്തോടെ വിശകലം ചെയ്യുവാൻ സാംസങ് എസ് 25ൽ സാധിക്കും. ഗൂഗിളിന്റെ സർക്കിൾ ടു സെർച്ച്, കോൾ ട്രാൻസ്ക്രിപ്റ്റ്, റൈറ്റിംഗ് അസിസ്റ്റ്, ഡ്രോയിംഗ് അസിസ്റ്റ് തുടങ്ങിയ എഐ ടൂളുകൾ എസ് 25 ൽ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. പേഴ്സണലൈസ്ഡ് എഐ ഫീച്ചറുകൾക്കായി പേഴ്സണൽ ഡാറ്റ എഞ്ചിനും ഗ്യാലക്സി എസ്25 സീരീസിലുണ്ട്. എല്ലാ വ്യക്തി വിവരങ്ങളും സ്വകാര്യവും ക്നോക്സ് വാൾട്ടിനാൽ സുരക്ഷിതവുമായിരിക്കും. സ്വകാര്യ വിവരങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പോസ്റ്റ് ക്വാണ്ടം ക്രിപ്റ്റോഗ്രഫിയും ഗ്യാലക്സി എസ്25ൽ അവതരിപ്പിച്ചിട്ടുണ്ടെന്നും കമ്പനി അധികൃതർ വ്യക്തമാക്കി. സ്നാപ് ഡ്രാഗൺ 8 എലൈറ്റ് ആണ് ഗ്യാലക്സി എസ്25 സീരിസിന് കരുത്ത് പകരുന്നത്. ഹൈ റസല്യൂഷൻ സെൻസറുകളും പ്രൊ വിഷൽ എഞ്ചിനുമായി എല്ലാ റേഞ്ചിലും അൾട്ര ഡീറ്റയൽഡ് ഷോട്ട്സ് ഗ്യാലക്സി എസ്25 ഉറപ്പുനൽകുന്നു. അപ്ഗ്രേഡ് ചെയ്ത പുതിയ 50 എംപി അൾട്രവൈഡ് ക്യാമറ സെൻസറാണ് ഗ്യാലക്സി എസ്25 അൾട്രയിലുള്ളത്. വീഡിയോകളിലെ അനാവശ്യ നോയ്സുകൾ ഒഴിവാക്കുന്നതിനായി ഓഡിയോ ഇറേസറും ഗ്യാലക്സി എസ്25ലുണ്ട്. ഗ്യാലക്സി എസ് സീരീസിലെ ഏറ്റവും ഭാരം കുറഞ്ഞതും കട്ടി കുറഞ്ഞതും ദീർഘനാൾ ഈടു നിൽക്കുന്നതുമായ മോഡലാണ് ഗ്യാലക്സി എസ് 25 അൾട്ര. 7 വർഷത്തെ സെക്യൂരിറ്റി അപ്ഡേറ്റുകളും ഒഎസ് അപ്ഗ്രേഡുകളും ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

